# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മറവൻതുരുത്ത് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ/കെ റ്റി എം പി -6-1042/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 16/09/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മറവൻതുരുത്ത് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ/കെ റ്റി എം പി -6-1042/21 തീയ്യതി: 16/09/2021

## കോട്ടയം ജില്ലയിലെ മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.എൻ.രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ | 04-08-2021 | 17-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-08-2021 | 17-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.രതീഷ് സി.ആർ, ഓഡിറ്റ് ഓഫീസർ
ശ്രീമതി സ്മിത ജി.നായർ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.സുമേഷ് പി.വി, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ,ആൽബിൻ സിറിയക്, ഓഡിറ്റർ

ശ്രീമതി ബീനാകുമാരി റ്റി.വി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പി.വി.ഹരിക്കുട്ടൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി കെ.ബി.രമ | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീമതി മീര എൻ.മേനോൻ | സെക്രട്ടറി | 01-04-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ലിറ്റി വർഗ്ഗീസ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി അനു കെ.ജോസഫ് | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ.രാഗേഷ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 15-02-2021 |
| ശ്രീ.മനോജ് കുമാർ എം. | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 16-02-2021 | 31-03-2021 |
| ഡോ.ബി.അനിൽകുമാർ | വെറ്റിനറി സർജൻ | 01-04-2020 | 15-09-2020 |
| ഡോ.ധന്യ | വെറ്റിനറി സർജൻ | 15-09-2020 | 01-03-2021 |
| ശ്രീമതി മറ്റം കുര്യൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 05-08-2020 |
| ശ്രീമതി കൃഷ്ണ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 06-08-2020 | 03-03-2021 |
| ശ്രീമതി പോന്നമ്മ കെ.ജെ. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 04-03-2021 | 31-03-2021 |
| ശ്രീ.ജിജമോൻ എം.റ്റി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി സൂര്യ | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി ജിഷ | വി.ഇ.ഒ | 02-07-2020 | 31-03-2021 |
| ഡോ.ലിറ്റി തോമസ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ.വിദ്യ എസ് | മെഡിക്കൽ ഒ◌ാഫീസർ, ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ.നമിത കെ.ആർ. | മെഡിക്കൽ ഒ◌ാഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| എം.വിജയകുമാർ | ഹെഡ്മാസ്റ്റർ | 01-04-2020 | 06-06-2020 |
| ശ്രീ.റ്റി.കെ.സുവർണ്ണൻ | ഹെഡ്മാസ്റ്റർ | 27-02-2021 | 31-03-2021 |
| ശ്രീമതി സുചിത്ര സി.കെ. | എ◌ൈ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 18-05-2020 |
| ശ്രീമതി ശ്രീമോൾ | എ◌ൈ.സി.ഡി.എസ്. സൂപ്പർവൈസർ | 19-05-2020 | 09-11-2020 |
| ശ്രീമതി റെയ്ഹനത്ത് ബീവി | എ◌ൈ.സി.ഡി.എസ്. സൂപ്പർവൈസർ | 09-11-2020 | 31-03-2021 |
| ശ്രീമതി.രാധിക | ഹെഡ്മിസ്ട്രസ് | 07-06-2020 | 26-02-2021 |

12.11.2020 മുതൽ 29.12.2020 വരെ അഡ്മിനിസ്ട്രേറ്റീവ് ഭരണമായിരുന്നു.

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Smitha G Nair (Asst. Audit Officer, On 14-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 01-09-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Ratheesh C R (Audit Officer, On 16-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 15-09-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Ratheesh C R (Audit Officer, On 16-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 01-09-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Smitha G Nair (Asst. Audit Officer, On 14-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 02-09-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Smitha G Nair (Asst. Audit Officer, On 14-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 16-09-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Albin Cyriac (Auditor, On 17-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 01-09-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Beenakumari T V (Auditor, On 11-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 01-09-2021) | 1-7 |
| 8 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: Ratheesh C R (Audit Officer, On 16-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 15-09-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Ratheesh C R (Audit Officer, On 16-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 16-09-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Ratheesh C R (Audit Officer, On 16-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 01-09-2021) | 1-10 |
| 11 | മാനുവൽ രസീത് കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ<br>Written By: Beenakumari T V (Auditor, On 16-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 01-09-2021) | 1-11 |
| 12 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Albin Cyriac (Auditor, On 17-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 15-09-2021) | 1-12 |
| 13 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Albin Cyriac (Auditor, On 17-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 01-09-2021) | 1-13 |
| 14 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം - പല ഭാഗങ്ങളായി തിരിച്ച് നികുതി നിർണയിച്ചത് മൂലം നികുതിയിനത്തിൽ നഷ്ടം<br>Written By: Albin Cyriac (Auditor, On 18-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 15-09-2021) | 1-14 |
| 15 | മൊബൈൽ ടവറുകളുടെ ഭീമമായ വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നു<br>Written By: Albin Cyriac (Auditor, On 18-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 15-09-2021) | 1-15 |
| 16 | ലേലം--നിബന്ധനകൾ അംഗീകരിച്ച ശേഷം എഗ്രിമെന്റിൽ നിന്നും പിൻമാറി--പഞ്ചായത്തിന് വരുമാന നഷ്ടം | 1-16 |

| | | |
|---|---|---|
| | Written By: Beenakumari T V (Auditor, On 16-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 16-09-2021) | |
| 17 | വിവിധ സ്ക്കൂളുകളുടെ നവീകരണം -പൊളിച്ചെടുത്ത സ്റ്റീൽ സെക്ഷൻ ലേലം ചെയ്തിട്ടില്ല<br>Written By: Smitha G Nair (Asst. Audit Officer, On 17-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 16-09-2021) | 1-17 |
| 18 | ടാർബാരലുകളുടെ വില നിശ്ചിത ശീർഷകത്തിൽ അടവാക്കിയിട്ടില്ല<br>Written By: Smitha G Nair (Asst. Audit Officer, On 17-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 16-09-2021) | 1-18 |
| 19 | വിവിധ വാർഡുകളിൽ അഴുക്കുചാൽ നിർമ്മാണം അപാകതകൾ<br>Written By: Smitha G Nair (Asst. Audit Officer, On 17-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 16-09-2021) | 1-19 |
| 20 | അസിസ്റ്റന്റ് എഞ്ചിനിയറുടെ അക്കൗണ്ടിൽ 23863രൂപ അവശേഷിക്കുന്നു<br>Written By: Smitha G Nair (Asst. Audit Officer, On 17-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 16-09-2021) | 1-20 |
| 21 | പാലാം കടവ് ചിറ്റേഴം റോഡിൽ ഓട നിർമ്മാണം -പദ്ധതി പണത്തിന്റെ പാഴ്ചെലവ്<br>Written By: Smitha G Nair (Asst. Audit Officer, On 17-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 02-09-2021) | 1-21 |
| 22 | വിവിധ വാർഡുകളിൽ ഓട നിർമ്മാണം അപാകതകൾ<br>Written By: Smitha G Nair (Asst. Audit Officer, On 17-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 16-09-2021) | 1-22 |
| 23 | എം സി എഫ് - വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല.<br>Written By: Smitha G Nair (Asst. Audit Officer, On 17-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 01-09-2021) | 1-23 |
| 24 | തെരുവ് വിളക്കുകൾ സ്ഥാപിക്കൽ , പരിപാലനം -സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല.<br>Written By: Ratheesh C R (Audit Officer, On 17-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 15-09-2021) | 1-24 |
| 25 | ലൈഫ് ഭവനപദ്ധതി- ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ.<br>Written By: Sumesh P V (Asst. Audit Officer, On 17-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 01-09-2021) | 1-25 |
| 26 | വീട് വാസയോഗ്യമാക്കൽ- പൂർത്തിയാക്കാത്തവർ<br>Written By: Sumesh P V (Asst. Audit Officer, On 17-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 16-09-2021) | 1-26 |
| 27 | കന്നുകുട്ടിപരിപാലനം- വിനിയോഗവിവരമില്ല.<br>Written By: Sumesh P V (Asst. Audit Officer, On 17-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 01-09-2021) | 1-27 |
| 28 | ആസ്തി പരിപാലനം<br>Written By: Ratheesh C R (Audit Officer, On 17-08-2021)<br>Last Updated By: Ratheesh C R (Audit Officer, On 17-08-2021) | 1-28 |
| 29 | വിനിയോഗ വിവരം ലഭ്യമല്ല<br>Written By: Ratheesh C R (Audit Officer, On 17-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 15-09-2021) | 1-29 |
| 30 | കൈപ്പറ്റ് രസീത് ലഭ്യമായിട്ടില്ല.<br>Written By: Albin Cyriac (Auditor, On 18-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 15-09-2021) | 1-30 |
| 31 | ഗ്രാമ പഞ്ചായത്തിലെ വിവിധ തോടുകളുടെ ആഴം കൂട്ടൽ -മൈനർ ഇറിഗേഷൻ വകുപ്പിൽ നിന്നും നിരാക്ഷേപ പത്രം ലഭ്യമായിട്ടില്ല | 1-31 |

| | | |
|---|---|---|
| | Written By: Smitha G Nair (Asst. Audit Officer, On 17-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 16-09-2021) | |
| 32 | അഗതിരഹിത കേരളം പദ്ധതി - പ്രവർത്തനം തൃപ്തികരമല്ല<br>Written By: Ratheesh C R (Audit Officer, On 17-08-2021)<br>Last Updated By: Ratheesh C R (Audit Officer, On 18-08-2021) | 1-32 |
| 33 | കരാറിലേർപ്പെട്ട പ്രോജക്ടുകൾ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടും ആരംഭിച്ചിട്ടില്ല<br>Written By: Smitha G Nair (Asst. Audit Officer, On 17-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 16-09-2021) | 1-33 |
| 34 | ടെണ്ടർ നടപടികളിലെ അപാകതകൾ<br>Written By: Smitha G Nair (Asst. Audit Officer, On 17-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 01-09-2021) | 1-34 |
| 35 | മെഡിക്കൽ ഓഫീസർ സി.എച്ച് .സി നിർവ്വഹിച്ച വിവിധ പ്രോജക്ടുകളിലെ അപാകതകൾ<br>Written By: Sumesh P V (Asst. Audit Officer, On 17-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 16-09-2021) | 1-35 |
| 36 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായിട്ടില്ല<br>Written By: Ratheesh C R (Audit Officer, On 17-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 01-09-2021) | 1-36 |
| 37 | കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികൾ - അപാകതകൾ<br>Written By: Ratheesh C R (Audit Officer, On 17-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 01-09-2021) | 1-37 |
| 38 | ഹരിത സഹായ സ്ഥാപനത്തിന്റെ സേവനങ്ങൾ മോണിറ്ററിങ് നടത്തുന്നില്ല.<br>Written By: Ratheesh C R (Audit Officer, On 18-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 01-09-2021) | 1-38 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം<br>Written By: Beenakumari T V (Auditor, On 15-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 01-09-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Beenakumari T V (Auditor, On 15-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 01-09-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ<br>Written By: Beenakumari T V (Auditor, On 15-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 01-09-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ<br>Written By: Beenakumari T V (Auditor, On 15-08-2021)<br>Last Updated By: Beenakumari T V (Auditor, On 15-08-2021) | 4-4 |
| 5 | വായ്പ /വായ്പാ തിരിച്ചടവ്<br>Written By: Sumesh P V (Asst. Audit Officer, On 16-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 02-09-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Beenakumari T V (Auditor, On 15-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 01-09-2021) | 4-6 |

| | | |
|---|---|---|
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Beenakumari T V (Auditor, On 15-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 01-09-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Beenakumari T V (Auditor, On 15-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 01-09-2021) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം<br>Written By: Beenakumari T V (Auditor, On 15-08-2021)<br>Last Updated By: Beenakumari T V (Auditor, On 15-08-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Beenakumari T V (Auditor, On 15-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 15-09-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Beenakumari T V (Auditor, On 15-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-08-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 23.03.2020 തീയതിയിലെ 1/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. 19.02.2021 തീയതിയിലെ VII/1-ാം നം. തീരുമാനപ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 1272887 | 7386554 |
| വരവ് | 204480217 | 66196910 |
| ആകെ | 205753104 | 73583464 |
| ചെലവ് | 204780406 | 61653681 |
| നീക്കിയിരിപ്പ് | 972698 | 11929783 |

ബജറ്റ് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ അന്തരമുണ്ട്. ബജറ്റ് യഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷികധനകാര്യപത്രിക

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 31.05.21 -ലെ 3(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2020-21 ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 7386554 രൂപയും തൻവർഷ വരവ് 66196910 രൂപയും തൻവർഷചെലവ് 5,33,68,211 രൂപയും വർഷാവസാന നീക്കിയിരിപ്പ് 11929783രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 1525542026രൂപയും ആകെ ചെലവ് 157129355 രൂപയും ആകുന്നു. 2020-21സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)26-7-11-ലെ ജി.ഒ (എം.എസ്)152/11-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തികൾക്ക് ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള നിരക്കിലാണോ എന്നത് വ്യക്തമല്ല.

2) വസ്തു നികുതിയുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

3)2011-ലെ കേരള പഞ്ചായത്ത്രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58(4) എച്ച് പ്രകാരം തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല( ഷെഡ്യൂൾ I-16).

4)2011-ലെ കേരള പഞ്ചായത്ത്രാജ് അക്കൗണ്ട് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോ പത്രിക വാർഷികകണക്കുകൾക്കൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.
5)NREGA, EFMS വരവ് I-6 പട്ടികയുമായി പൊരുത്തപ്പെടുന്നില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7386554 |
| ഓഡിറ്റ് വർഷത്തെ വരവ് | 66196910 |
| ആകെ | 73583464 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 61653681 |
| നീക്കിയിരിപ്പ് | 11929783 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| | |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2801034 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | പ്രാരംഭബാക്കി | വരവ് (സ്രോതസിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ) | ആകെ | ചെലവ് | നീക്കിയിരിപ്പ് ലാപ്സായതുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 21698000 | 21698000 | 19444290 | 2253710 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 6166000 | 6166000 | 5753445 | 412555 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 136775 | 136775 | 105000 | 31775 |
| മെയിന്റനൻസ് ഗ്രാന്റ്, റോഡ് | 0 | 2990000 | 2990000 | 2990000 | 0 |
| മെയിന്റനൻസ് ഗ്രാന്റ്, നോൺ-റോഡ് | 0 | 3993000 | 3993000 | 3723476 | 269524 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് | 0 | 11982144 | 11982144 | 7232363 | 4749781 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 0 | 5490000 | 5490000 | 2653760 | 2836240 |
| എം.ജി എൻ.ആർ.ഇ.ജി.എസ് | 0 | 50802973 | 50802973 | 50802973 | 0 |
| എസ്.എസ്.എ | 44361 | 1218 | 45579 | 0 | 45579 |
| ഐ.സി.ഡി.എസ് | 449640 | 528806 | 978446 | 680000 | 298446 |
| റ്റി.എസ്.സി | 6100 | 0 | 6100 | 0 | 6100 |

ജി ഒ പ്രോജക്ടായി സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ വാർഷികകണക്കിൽ (RP 7) ഉൾപ്പെടുത്താത്തതിനാൽ പൊതുവിഭാഗം വികസനഫണ്ട്, എസ്.സി.പി, റ്റി.എസ്.പി ഫണ്ട് ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ , വാർഷികകണക്ക് എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

2. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ , നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

3.കേന്ദ്ര, സംസ്ഥാനാവിഷ്കൃത പദ്ധതികൾ വകയിരുത്തൽ, ചെലവ്, നീക്കിയിരിപ്പ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക കണക്കുകൾ, പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന എസിആർ / ക്യാഷ് ബുക്ക് എന്നിവയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 03.02.21 ലെ ഉത്തരവ് നം.80898/20/DPC/DPO/KTM പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 20.12.2019 |

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 23.12.19 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 08.02.20മുതൽ 04.02.2020 വരെ |
| ഊരുകൂട്ടം/വയോജന/ഭിന്നശേഷി ഗ്രാമസഭ | 18.01.20 |
| വികസനസെമിനാർ | 29.02.2020 |

ജനങ്ങളുടെ സാമ്പത്തിക വികസനവും സാമൂഹ്യനീതി ഉറപ്പാക്കലും ലക്ഷ്യമിട്ട് തയ്യാറാക്കിയ 2020-21 ലെ വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 88547054രൂപയും ആകെ ചെലവ് 49913558 രൂപയുമാണ്. ചെലവുശതമാനം 56 %.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 11 | 2483064 | 2193272 | 88 |
| വെറ്ററിനറി സർജൻ | 9 | 9 | 2719000 | 2705000 | 99 |
| എം.ഒ (പിഎച്ച്സി) | 13 | 13 | 2766800 | 2649111 | 96 |
| എം.ഒ(ഹോമിയോ) | 1 | 1 | 150000 | 150000 | 100 |
| എം.ഒ (ആയുർവേദം)) | 5 | 4 | 1004531 | 930500 | 93 |
| വി ഇ ഒ-1 | 8 | 6 | 3294657 | 1510476 | 46 |
| വി ഇ ഒ-2 | 9 | 9 | 30697539 | 6344361 | 21 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 6 | 5 | 3398510 | 3329331 | 98 |
| സെക്രട്ടറി | 27 | 25 | 5032562 | 4534987 | 0.90 |
| അസി.എൻജിനീയർ – എൽ.എസ്.ജി.ഡി | 76 | 60 | 31118966 | 22468712 | 72 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 677500 | 402110 | 66 |
| ഹെഡ്മാസ്റ്റർ | 4 | 3 | 610000 | 485793 | 80 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 5 | 4 | 2203500 | 1134718 | 51 |
| അസി. സെക്രട്ടറി | 9 | 8 | 2390425 | 1075187 | 45 |
| ആകെ | 0 | | 88547054 | 49913558 | 56 |

അസിസ്റ്റന്റ് സെക്രട്ടറി, വി ഇ ഒ മാർ എന്നിവരുടെ പദ്ധതി ചെലവ് ശതമാനം യഥാക്രമം 45%, 46%, 21% ആണ്. തുടർ വർഷങ്ങളിൽ തുക ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

വിനിയോഗലക്ഷ്യം കൈവരിച്ചില്ല- 7717345 രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു

| ഫണ്ടിനം | ആകെവരവ് | ചെലവ് | നീക്കിയിരിപ്പ്/ | ചെലവ് |
|---|---|---|---|---|

| | | | ലാപ്സായ തുക | % |
|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 21698000 | 19444290 | 2253710 | 0.9 |
| വികസന ഫണ്ട്-എസ്.സി.പി | 6166000 | 5753445 | 412555 | 0.93 |
| വികസന ഫണ്ട്-ടി.എസ്.പി | 136775 | 105000 | 31775 | 0.77 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 2990000 | 2990000 | 0 | 1 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്) | 3993000 | 3723476 | 269524 | 0.93 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് അണ് ടൈഡ് | 11982144 | 7232363 | 4749781 | 0.6 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് | 5490000 | 2653760 | 2836240 | 0.48 |
| ആകെ | 46965919 | 39248574 | 7717345 | 0.84 |

2020-21 വർഷം മെയിന്റനൻസ് ഗ്രാന്റ് റോഡ് 100% ചെലവഴിക്കാൻ സാധിച്ചിരുന്നുവെങ്കിലും വികസനഫണ്ട് പൂർണ്ണമായും ടെലവഴിക്കാൻ സാധിച്ചില്ല. ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗം യഥാക്രമം56.5% മാത്രമാണ്. 7717345 രൂപ തൻവർഷം ചെലവഴിക്കാനാവാതെ പാഴായി എന്നത് ഗ്രാമപഞ്ചായത്ത് ഗൗരവത്തോടെ വിലയിരുത്തേണ്ടതും ഗ്രാമപഞ്ചായത്തിന്റ വിവിധമേഖലകളിലെ വികസനത്തിന് ഉപയോഗിക്കേണ്ട തുകകൾ ലാപ്സായി പോകുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ് ഭരണസമിതികളും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തേണ്ടതാണ്.

<u>പ്രളയംബാധിച്ചതിനാൽ ലഭിച്ച ഫണ്ടിന്റെ വിനിയോഗം</u>

2018-ലെ പ്രളയം സാരമായി ബാധിച്ച ഗ്രാമപഞ്ചായത്തുകൾക്ക് സംസ്ഥാനസർക്കാരിന്റെ 2019-20 ബജറ്റിൽ പ്രത്യേകമായി വകയിരുത്തിയിരുന്ന വികസനഫണ്ട് വിഹിതം മറവൻതുരുത്ത് ഗ്രാമ പഞ്ചായത്തിനും അനുവദിക്കപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ . 12-12-2019- ലെ സ.ഉ. (സാധാ) നം 9823/2019 പ്രകാരം പൊതുവിഭാഗത്തിൽ 9155000/-രൂപയും പട്ടികജാതിവിഭാഗത്തിൽ 1012000രൂപയും ഉൾപ്പെടെ ആകെ 10165000രൂപ/ അനുവദിക്കുകയുണ്ടായി. സാമ്പത്തിക വർഷാവസാനം അനുവദിക്കപ്പെട്ട തുകയിൽ പൊതുവിഭാഗത്തിൽ നിന്ന് 2000രൂപ മാത്രമാണ് ചെലവഴിക്കാൻ സാധിച്ചുള്ളു തൻവർഷം ചെലവഴിക്കാൻ സാധിക്കാതിരുന്നത് ഗ്രാമപഞ്ചായത്തിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 20-21 വർഷം 19-02-2021- ലെ സ.ഉ. (സാധാ) നം 1604/21 പ്രകാരം പുനരനുവദിച്ച് ലഭിക്കുകയുണ്ടായി. 20-21 വർഷം ലഭിച്ചതും വിനിയോഗിച്ചതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | വികസനഫണ്ട് ജനറൽ | എസ് സി പി |
|---|---|---|
| ലഭിച്ചത് | 9153000 | 1012000 |
| ചെലവഴിച്ചത് | 7550406 | 1011237 |
| ബാലൻസ് | 1602594 | 763 |

<u>വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഫലപ്രദമല്ല</u>

വർക്കിംഗ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ചിരുന്നുവെങ്കിലും പലതും ചുമതല നിർവ്വഹിച്ചിട്ടില്ല എന്ന് കാണുന്നു.

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനം ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇവയും ഫലപ്രദമായി നിർവ്വഹിക്കുന്നതായി കാണുന്നില്ല. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2020-21 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2020-21 വർഷം സാങ്കേതിക അനുമതി ലഭിച്ച 440 പ്രോജക്ടുകളിൽ 389 എണ്ണം തൻവർഷം നടപ്പിലാക്കി. 142872 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1745 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. ആകെയുള്ള 307 അയൽക്കൂട്ടങ്ങളും പദ്ധതികളുമായി സഹകരിക്കുന്നുണ്ട്. ആട്ടിൻകൂട് നിർമ്മാണം, വൃക്ഷതൈ വച്ചു പിടിപ്പിക്കൽ, മഴക്കുഴി നിർമ്മാണം, നഴ്സറി നിർമ്മാണം, കുളം നവീകരണം എന്നിങ്ങനെയുള്ള പ്രോജക്ടുകളാണ് തൻവർഷം നടപ്പാക്കിയത്. എം ജി എൻ ആർ ഇ ജി എസ് ക്യാഷ്ബുക്ക് പ്രകാരമുള്ള 2020-21 വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 0 |
| വരവ് | ഇ.എഫ്.എം.എസ് വരവ് | 498440122 | |
| | ക്യാഷ് വരവ് | 9628511 | |
| ആകെ വരവ് | | | 50802973 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 41619174 | |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം | 1480987 | |
| | ഉപകരണങ്ങളുടെ വില, വാടക | 6739961 | |
| | ഭരണ ചെലവുകൾ (ബാങ്ക് ചാർജ് ഉൾപ്പടെ) | 962851 | |
| ആകെ ചെലവ് | | | 50802973 |
| നീക്കിയിരിപ്പ് | | | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 55320 | 78 |
| കർഷകതൊഴിലാളി പെൻഷൻ | 4358400 | 317 |
| വിധവാപെൻഷൻ | 8749300 | 604 |
| വാർദ്ധക്യകാലപെൻഷൻ | 30875600 | 2732 |
| വികലാംഗപെൻഷൻ | 4119000 | 282 |
| അവിവാഹിത സ്ത്രീ പെൻഷൻ | 689100 | 52 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.08.2021 3.10 പി എം ന് അസി. സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 365/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ജോലികൾ വിഭജിച്ച് നൽകുന്നുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ ഓഫീസ് ഓർഡർ പ്രകാരം ചുമതലാകൈമാറ്റം നടത്തുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചുവരുന്നു. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ബിൽ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്.ആവർത്തന ചെലവുകളായ തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ് , ഓഫീസ് വൈദ്യുത ചാർജ് , ടെലഫോൺ ചാർജ്, വാട്ടർ ചാർജ് എന്നിവയുടെ വിവരങ്ങളടങ്ങിയ രജിസ്റ്ററും പഞ്ചായത്തിൽ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. എങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.01.2021 | 3/20 | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.07.2014 | 2007-08 മുതൽ2011-12 വരെ | 19.06.2012 ലെ എച്ച് ബി എ (എച്ച് ക്യു) 2/8 എ 1819/ ജെ5 |

## 1-11 മാനുവൽ രസീത് കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ

റ്റി.ആർ.5 രസീത് ബുക്ക് പ്രകാരം പണം സ്വീകരിക്കുമ്പോൾ ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് രേഖപ്പെടുത്തൽ നടത്തണം എന്ന് കേരള ഫിനാൻഷ്യൽ കോഡ് ഭാഗം 1 റൂൾ 90 (എ)(2) ൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിൽ ഔട്ട്ഡോർ കളക്ഷന് ഉപയോഗിച്ചിരിക്കുന്ന 1660, 1658 എന്നീ രസീതു ബുക്കുകൾ പ്രകാരം പണം പിരിവ് നടത്തിയിരിക്കുന്നത് ഒരു സൈഡ് മാത്രം ഉപയോഗിക്കാവുന്ന കാർബൺ ഉപയോഗിച്ചാണ്. എല്ലാ രസീത് ബുക്കുകളും ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് രേഖപ്പെടുത്തൽ നടത്തേണ്ടതാണ്. രസീത് ബുക്കിൽ ഉപയോഗിക്കാതെ അവശേഷിക്കുന്ന രസീത് ലീഫുകൾ ചില രസീതുബുക്കുകളിൽ ക്യാൻസൽ ചെയ്യുന്നതായി കാണുന്നില്ല. ആയത് ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥൻ ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തി കൗണ്ടർഫോയിലിനോടൊപ്പം സൂക്ഷിക്കേണ്ടതാണ്.

## 1-12 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

സ്ഥാപനം ഹാജരാക്കിയ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലയെന്ന് കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനം | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | അക്ഷയ ബാങ്കേഴ്സ്, കെ.എസ് മംഗലം. | 2 |
| 2 | വി.കെ.എം. ഡയറി ഫാം, ഇടവട്ടം. | 2 |
| 3 | ജിത്ത് ബാങ്കേഴ്സ്, കെ.എസ് | 2 |

| | | |
|---|---|---|
| | മംഗലം. | |
| 4 | ജി.ആർ.കെ ആന്റ് കമ്പനി, മറവൻതുരുത്ത്. | 2 |
| 5 | പി.വി.എം സൂപ്പർമാർക്കറ്റ്, മറവൻതുരുത്ത്. | 2 |

വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി (നം.25/17.08.2021) ലഭ്യമാക്കിയിട്ടില്ല. പരാമർശിത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-13 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് 2020-21 സാമ്പത്തിക വർഷത്തെ വിറ്റുവരവിനാനുപാതികമായ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | നാഷണൽ ബാങ്കേഴ്സ്, മറവൻതുരുത്ത്. | 1,2 |
| 2 | കോമൺ സർവ്വീസ് സെന്റർ, മറവൻതുരുത്ത്. | 1,2 |
| 3 | ജിത്ത് ബാങ്കേഴ്സ്, കെ.എസ് മംഗലം. | 1,2 |
| 4 | കെ.ജി.പി കൺസ്ട്രക്ഷൻ, മറവൻതുരുത്ത് | |

വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി (നം.26/17.08.2021) ലഭ്യമാക്കിയിട്ടില്ല. പരാമർശിത സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-14 വാണിജ്യാവശ്യത്തിനുള്ള കെട്ടിടം - പല ഭാഗങ്ങളായി തിരിച്ച് നികുതി നിർണയിച്ചത് മൂലം നികുതിയിനത്തിൽ നഷ്ടം

പഞ്ചായത്തിലെ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 203 (എ) വകുപ്പ് 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4 -ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ പഞ്ചായത്തിൽ ഒരേ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി, ഒരു ച.മീറ്ററിന് 35 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിലെ വിജ്ഞാപന പ്രകാരം 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കടമുറികൾക്ക് 55 രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്. വസ്തുനികുതി ഇപ്രകാരം കണക്കാക്കിയതു മൂലം നഷ്ടം വന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | കെട്ടിട ഉടമയുടെ | കെട്ടിട | വിസ്തീർണ്ണം | നിർണ്ണയിച്ച | നിർണ്ണയിക്കേണ്ട | കുറവ് |
|---|---|---|---|---|---|---|

| നം. | പേര് | നമ്പർ | (ച.മീ) | അടിസ്ഥാന നികുതി | അടിസ്ഥാന നികുതി | |
|---|---|---|---|---|---|---|
| | | 4/162/A | 30.27 | | | |
| | | 4/162/B | 28.46 | | | |
| 1 | രവീന്ദ്രൻ, കൃപ നിലയം | 4/162 /C | 25.75 | 155.18* 35 = 5431.3 | 155.18* 55 = 8534.9 | 3103.60 |
| | | 4/162/D | 35.75 | | | |
| | | 4/162/E | 35.75 | | | |
| | ആകെ | | 155.18 | | | |
| | | 9/311/A | 16.12 | | | |
| | | 9/311/B | 16.12 | | | |
| | | 9/311//C | 16.12 | | | |
| | | 9/311/D | 16.12 | | | |
| | | 9/311/E | 16.12 | | | |
| 2 | പ്രസിഡന്റ് , എസ്.എൻ.ഡി.പി ശാഖ നം 662 | 9/311/F | 16.12 | 194.76 * 35 = 6816.60 | 194.76 * 55= 10711.80 | 3895.20 |
| | | 9/311/G | 13.48 | | | |
| | | 9/311/H | 17.44 | | | |
| | | 9/311/J | 17.44 | | | |
| | | 9/311/K | 17.44 | | | |
| | | 9/311/L | 17.44 | | | |
| | | 9/311/M | 14.80 | | | |
| | | | 194.76 | | | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/16.08.2021) പരാമർശിത കെട്ടിടങ്ങളുടെ വസ്തു നികുതി അസസ്മെന്റിലെ അപാകത പരിഹരിച്ച് നികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 1-15 മൊബൈൽ ടവറുകളുടെ ഭീമമായ വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നു

മൊബൈൽ ടവറുകൾക്ക് 14.01.2011 ലെ സർക്കാർ ഉത്തരവ് നം. 19/2011/തസ്വഭവ പ്രകാരം തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. മറവൻതുരുത്ത് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സബ് ഡിവിഷണൽ ഓഫീസറുടെ ഉടമസ്ഥതയിലുള്ള 5/169/B നമ്പർ മൊബൈൽ ടവറിന്റെ (4 ച.മീ വിസ്തീർണ്ണം) വസ്തു നികുതി കുടിശ്ശികയിനത്തിൽ 2013 മുതൽ നാളിതു വരെ 19701 രൂപ ഈടാക്കാനുള്ളതായി കാണുന്നു. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (14/16.08.2021) മേൽ മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കുന്നതിന് ഡിമാൻറ് നോട്ടീസ് അയച്ചിരുന്നെങ്കിലും നികുതി അടവാക്കിയിട്ടില്ലയെന്നും തുടർന്ന് വൈക്കം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് മുമ്പാകെ അന്യായം ഫയൽ ചെയ്ത് നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായും മറുപടി നൽകിയിട്ടുണ്ട്. ഈ അന്യായം തീർപ്പാക്കുന്ന മുറയ്ക്ക് പ്രസ്തുത മൊബൈൽ ടവറിൽ നിന്നും വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ ഫോം-6 സ്റ്റേറ്റ്മെന്റ് പ്രകാരം പ്രസ്തുത മൊബൈൽ ടവറിന്റെ വിസ്തീർണ്ണം 4 ച.മീ മാത്രമാണ്. ആയതിന്റെ കൃത്യത പരിശോധിക്കേണ്ടതും ആവശ്യമെങ്കിൽ വസ്തു നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കേണ്ടതുമാണ്.

## 1-16 ലേലം--നിബന്ധനകൾ അംഗീകരിച്ച ശേഷം എഗ്രിമെന്റിൽ നിന്നും പിൻമാറി-- പഞ്ചായത്തിന് വരുമാന നഷ്ടം

മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിലെ ചെമ്മനാകരി ജെട്ടിയും തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിലെ മണപ്പുറം ജെട്ടിയുമായി ബന്ധിപ്പിക്കുന്നതും ഇരുചക്രവാഹനങ്ങൾ കടത്തുന്നതിനുള്ള അനുബന്ധ സംവിധാനം ഉള്ളതുമായ ബോട്ട് സർവ്വീസ് 2020-21 സാമ്പത്തിക വർഷത്തിൽ നിശ്ചിത ഫീസിൽ നടത്തുന്നതിനുള്ള അവകാശം 07.02.2020 ന് ലേലം ചെയ്ത് നൽകുവാൻ തീരുമാനിച്ചു. 10.02.2020 ലെ കമ്മിറ്റി തീരുമാനം നം.എ.4.572/20.

ലേലത്തിൽ പങ്കെടുക്കുകയും ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളിച്ച ശ്രീ.റോയി കോയിപ്പറമ്പ്, കണ്ടക്കടവ് എന്നയാൾ ലേലത്തിന്റെ മൂന്നിലൊന്ന് അടവാക്കാത്തതിനാൽ രണ്ടാമത് കൂടുതൽ തുക ക്വോട്ട് ചെയ്ത ശ്രീ.അനിൽകുമാറിന് നൽകുന്നതിന് തീരുമാനിച്ചു എങ്കിലും തുക കൂടുതലാണെന്ന് കാരണത്താൽ കരാർ എടുത്തില്ല.

26.02.2020 തീയതിയിലെ അടിയന്തിര യോഗത്തിലെ 3/1 നമ്പർ തീരുമാനം പ്രകാരം ശ്രീ.റോയി കോയിപ്പറമ്പ് കണ്ടക്കടവിന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം ചെയ്യുന്നതിന് തീരുമാനിച്ചു.

12.03.2020 ൽ വീണ്ടും ലേലം നടത്തുകയും ഏറ്റവും കൂടുതൽ തുക ക്വോട്ട് ചെയ്ത് ലേലം ഉറപ്പിച്ച ആദ്യത്തെ ആളായ ശ്രീ.ഷിബിൻദാസ്, രണ്ടാമത്തെ ആളായ ശ്രീ.സാജു എന്നിവർ ലേല നടപടികളിൽ പഞ്ചായത്തിനെ വഞ്ചിച്ചതിനാൽ അഡ്വ.ശ്രീ.കെ.കെ.വിജയനിൽ നിന്നും നിയമോപദേശം തേടുകയും ടിയാളുകളിൽ നിന്നും 33077/- രൂപ വീതം വരുമാന നഷ്ടമായി ഈടാക്കി പ്രോസിക്യൂഷൻ നടപടി അവസാനിപ്പിക്കാം എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

എന്നാൽ ലേലം നടത്തിയപ്പോൾ ലേല നടപടി അനുസരിയ്ക്കാത്ത ശ്രീ.റോയി കോയിപ്പറമ്പിൽ, ശ്രീ.അനിൽകുമാർ, ശ്രീ.ഷിബിൻദാസ്, ശ്രീ.സാജു എന്നിവർക്കെതിരെ പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടി സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.4/11.08.2021 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ശ്രീ.അനിൽകുമാറിന് ലേലം ഉറപ്പിച്ച് നൽകിയത് കമ്മിറ്റി തീരുമാനത്തോടെ അല്ലാത്തതിനാൻ ടിയാനെതിരെ നിയമനടപടി സ്വീകരിയ്ക്കാൻ കഴിയില്ല എന്നും മറ്റ് മൂന്ന പേർക്കെതിരെയും നടപടി സ്വീകരിച്ചു വരുന്ന എന്നും മറുപടി നൽകിയിട്ടുണ്ട്. ലേല നടപടികളിലെ നിബന്ധനകൾ പാലിക്കാത്ത വ്യക്തികൾക്കെതിരെ നിയമനടപടി എടുക്കുന്നതു മൂലം വരും വർഷങ്ങളിൽ പഞ്ചായത്തിൽ നടത്തുന്ന വിവിധ ലേലങ്ങൾ ആളുകൾ ഉത്തരവാദിത്വത്തോടുകൂടി പങ്കെടുക്കുകയും അല്ലാതെ പ്രവർത്തിച്ചാൽ നിയമനടപടി ഉണ്ടാകുമെന്നതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നത് ഒഴിവാകുന്നതിനും ഇടയാകും. ടിയാളുകൾക്ക് എതിരെ സ്വീകരിച്ച തുടർ നടപടി ഓഡിറ്റിൽ അറിയിയ്ക്കേണ്ടതാണ്.

## 1-17 വിവിധ സ്കൂളുകളുടെ നവീകരണം -പൊളിച്ചെടുത്ത സ്റ്റീൽ സെക്ഷൻ ലേലം ചെയ്തിട്ടില്ല

| | |
|---|---|
| പ്രോജക്ട് | 93/21 |
| കരാറുകാരൻ | രാജീവ് പി പി |
| അളവ് പുസ്തകം | 1/20-21,2/2021 |
| ചെലവ് | 794089 |

വിവിധ സ്കൂളുകളുടെ നവീകരണത്തിനായി തയ്യാറാക്കിയ ടി പ്രോജക്ടിന്റെ 4(1) ഇനമായി 346.388kg സിങ്കിൾസെക്ഷൻ പൊളിച്ചെടുത്തിട്ടുണ്ട് .(കുലശേഖരമംഗലം സ്കൂളിൽ നടത്തിയ ഇനം). പ്രസ്തുത ഇനത്തിന്റെ മൂല്യം കണക്കാക്കി സർവ്വേ റിപ്പോർട്ട് തയ്യാറാക്കുകയോ കരാറുകാരന്റെ ബില്ലിൽ കുറവ് ചെയ്യുകയോ ചെയ്തിട്ടില്ല. ആയത് ലേലം ചെയ്തിട്ടുണ്ടെങ്കിൽ വിവരം രേഖാമൂലം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം.19/16.08.2021) ലഭിച്ച സ്റ്റീൽ സ്കൂൾ ഹെഡ് മിനിസ്ട്രസിന് കൈമാറിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. സർവ്വേ റിപ്പോർട്ട് കണക്കാക്കാതെ ഹെഡ് മിനിസ്ട്രസിന് കൈമാറാനിടയായ സാഹചര്യത്തെ കുറിച്ച് മറുപടിയിൽ പരാമർശിച്ചിട്ടില്ല .ആയതിന്റെ മൂല്യം കണക്കാക്കി ലേലം ചെയ്ത് പഞ്ചയത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

## 1-18 ടാർബാരലുകളുടെ വില നിശ്ചിത ശീർഷകത്തിൽ അടവാക്കിയിട്ടില്ല

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 30-10-17-ലെ 59827/എഫ്.എം /07 നമ്പർ സർക്കുലർ പ്രകാരം ടാറിംഗ്

പ്രവൃത്തികളിൽ ഉപയോഗിക്കുന്ന ടാർവീപ്പകളുടെ വില ഏത് ഫണ്ടിൽനിന്നാണോ ടാർ വാങ്ങിയത് അഥവാ ഏത് ഫണ്ട് വിനിയോഗിച്ചാണോ പ്രവൃത്തി നടത്തിയത് അതേ ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചതിൽ തൻവർഷം ധനകാര്യക്കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് എന്നിങ്ങനെ വിവിധ സർക്കാർ ഗ്രാന്റ് വിനിയോഗിച്ച് നടപ്പാക്കിയ റോഡുപ്രവൃത്തികളിൽ ടാർവീപ്പകളുടെ വിലയിനത്തിൽ കരാറുകാരിൽനിന്നും ഈടാക്കിയ തുക നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കാതെ ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് ട്രാൻസ്ഫർക്രെഡിറ്റ് ചെയ്തതായി കാണുന്നു.

മേൽ അപാകത സംബന്ധിച്ച് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി (9/13.08.2021) ലഭ്യമാക്കിയതിൽ മരാമത്തുബില്ലുകളിൽനിന്നും ബാരൽവിലയിനത്തിൽ കിഴിവുചെയ്യുന്ന തുക സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെന്നും ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് അടയ്ക്കുന്നതാണെന്നും അറിയിക്കുകയുണ്ടായി.

വാർഷികകണക്കു പ്രകാരം ഈയിനത്തിൽ ആകെ 71638/-രൂപ 2020-21 വർഷം തനതുഫണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതുൾപ്പെടെ 101864 രൂപ സർക്കാരിലേക്ക് തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നു(ബി -4 ഷെഡ്യൂൾ പ്രകാരം) .തുക നിശ്ചിത ശീർഷകത്തിൽ ബിൽ ജി.ഓ.(പി)177/06/ നമ്പർ ഉത്തരവിലെ ഖണ്ഡിക 10.3 പാലിച്ച് സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

## 1-19 വിവിധ വാർഡുകളിൽ അഴുക്കുചാൽ നിർമ്മാണം അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ

| | |
|---|---|
| പ്രോജക്ട് നം | 111/21 |
| കരാറുകാരൻ | C U മത്തായി |
| കരാർ | 37/AE/LSGD/MPT/18-19/5.03.19 |
| അളവ് പുസ്തകം | 21/19-20,44/19-20 |
| ചെലവ് | 794774 |
| ബിൽ നം | വൗച്ചർ നമ്പർ 2200311/05.05.2020 തുക 433576 വൗച്ചർ നമ്പർ 2200311/11.11.2020 തുക 361201 |

ടി പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1. കുഴിച്ചെടുത്ത മണ്ണ് ലേലം ചെയ്തിട്ടില്ല

ടി പ്രവൃത്തിയുടെ ഭാഗമായി 110.773 M3 മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. പ്രസ്തുത മണ്ണ് ലേലം ചെയ്തതായോ മൂല്യം കണക്കാക്കി കരാറുകാരന്റെ ബില്ലിൽ കുറവ് ചെയ്യുകയോ ചെയ്തിട്ടില്ല

2.പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കിയില്ല- നിശ്ചിത നിരക്കിൽ പിഴ ഈടാക്കിയില്ല

5/03/2019 ൽ കരാറിൽ ഏർപ്പെട്ട ടി പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 4/09/19 ആണ്. അളവുപുസ്തകം പ്രകാരം പ്രവൃത്തി പൂർത്തിയാക്കിയത് 18/03/20 ആണ്.

ജിഒ(പി)13/PWD/ 1-2-2012 , 2012ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 പ്രകാരം സ്ഥലം ഏറ്റു വാങ്ങി 10 ദിവസത്തിനകം പണി ആരംഭിച്ച് പ്രവർത്തന കലണ്ടർ പ്രകാരമുള്ള സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്ത പക്ഷം കാലാവധിയുടെ 20% പിഴയില്ലാതെയും തുടർന്ന് ഒരു തവണ നിലവിലുള്ള പൂർത്തീകരണ കാലാവധിയുടെ 25%, കരാർ തുകയുടെ 1% പിഴയോടെയും തുടർന്നുള്ള കാലാവധി ദീർഘിപ്പിക്കലിന് 2% പിഴയും ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് .എന്നാൽ നിയമാനുസൃതമുള്ള സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയിട്ടുള്ളതായി

കാണുന്നില്ല. അപാകതകൾ വിശദീകരിക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷക്കുറിപ്പിന് (17/16.08.2021) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പ്രോജക്ടിന് ചെലവഴിച്ച 794774 രൂപ തടസ്സപ്പെടുത്തുന്നു.

## 1-20 അസിസ്റ്റന്റ് എഞ്ചിനിയറുടെ അക്കൗണ്ടിൽ 23863രൂപ അവശേഷിക്കുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ ഉൾപ്പെട്ട തനത് ഫണ്ട് വിഹിതം നല്കുന്നതിനുള്ള തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ റിക്വസ്റ്റിഷൻ പ്രകാരം ചെക്ക് മുഖേന അസിസ്റ്റന്റ് എഞ്ചിനീയർക്ക് നല്കുകയും അസിസ്റ്റന്റ് എഞ്ചിനീയർ ഈ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച് കരാറുകാർക്ക് ചെക്ക് പ്രകാരം നല്കുകയുമാണ് ചെയ്യുന്നത്. ഈ ആവശ്യത്തിനായി അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള വൈക്കം എസ് ബി ഐയുടെ 67344951505 നമ്പർ അക്കൗണ്ടിൽ 25/06/21 ൽ 23863രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന്(662-10.08.2021) ആദായനികുതി ഇനത്തിൽ കരാറുകാരിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്ത 6577 രൂപയും മുൻവർഷങ്ങളിൽ ക്രെഡിറ്റ് വന്ന തുകയും പലിശയുമായ 17283 രൂപയാണെന്ന് മറുപടി ലഭ്യമാക്കുകയുണ്ടായി. പഞ്ചായത്തിൽ നിന്ന് ലഭിച്ച തുകയുമാണെന്ന് മറുപടി ലഭ്യമാക്കി. മുൻ വർഷങ്ങളിൽ ഏത് ആവശ്യത്തിന് ലഭിച്ച തുകയാണെന്ന് വ്യക്തമല്ലാത്തതിനാൽ ആയതിന്റ കൃത്യത പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. കൂടാതെ സ്രോതസ്സിൽ കുറവ് ചെയ്ത ആദായനികുതി യഥാസമയം അടവാക്കാത്തതിന് ആദായനികുതി വകുപ്പിൽ നിന്നുണ്ടാകുന്ന ഫൈൻ ഉൾപ്പെടെയുള്ള തുടർ നടപടികൾക്ക് നിർവ്വഹണോദ്യോഗസ്ഥ ഉത്തരവാദിയായിരിക്കുന്നതാണ്.

## 1-21 പാലാം കടവ് ചിറ്റേഴം റോഡിൽ ഓട നിർമ്മാണം -പദ്ധതി പണത്തിന്റെ പാഴ്ച്ചെലവ്

2018-19,2019-20 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഓട നിർമ്മിക്കുന്നതിന് ചുവടെ ചേർക്കും പ്രകാരം പ്രാജക്ടുകൾ തയ്യാറാക്കി.

| പ്രോജക്ട് | കരാറുകാരൻ | അടങ്കൽ തുക | കരാർ | അളവ് പുസ്തകം | ചെലവ് തുക |
|---|---|---|---|---|---|
| 103/19 വിവധ വാർഡുകളിൽ അഴുക്കുചാൽ നിർമ്മാണം (2020-21ലെ നമ്പർ 111/21) | സി യു മത്തായി | 1100000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 37/AE/LSGD/MPT/18-19 05.03.19 | 21/19-20<br>44/1920 | 304330(2019-20) വൗച്ചർ നമ്പർ 2190319/26.12.19<br>794774(2020-21)<br>(വൗച്ചർ നമ്പർ 2200311/5.5.20 തുക 433573, വൗച്ചർ നമ്പർ 22000311/11.11.20 തുക 361201)<br>--------<br>ആകെ 1099104 |
| 51/20 വിവിധ വാർഡുകളിൽ ഓട നിർമ്മാണം(2020-21 ലെ നമ്പർ 119/21) | സുഹാസ് ആർ | 1250000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 33/AE//LSGD/MPT/19-120/10.02.20 | 9/20-21<br>40/19-20 | 1138933 (വൗച്ചർ നമ്പർ 22000650/8.7.20, തുക 306622, വൗച്ചർ നമ്പർ 22000996/ 11.11.20 832310) |

ഏഴാം വാർഡിലെ പാലാംകടവ് ചിറ്റേഴം റോഡിൽ ഓട നിർമ്മിക്കുന്നതിന്ുള്ള ഇനങ്ങൾ രണ്ടു പ്രോജക്ടുകളുടെ എസ്റ്റിമേറ്റിലും ഉൾപ്പെടുത്തിയിരുന്നു. സമീപപ്രദേശങ്ങളിലെ തോടുകളെ ബന്ധിപ്പിച്ച് റോഡിലും പരിസരത്തും കെട്ടിക്കിടക്കുന്ന വെള്ളം ഒഴുക്കി വിടാൻ റോഡിന് കുറുകെ ഉൾപ്പെടെ ഓട നിർമ്മിക്കുന്നതിനുള്ള ഇനങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നതാണ്. 13.082021ന് പ്രസ്തുത സ്ഥലം അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ പരിശോധന നടത്തുകയുണ്ടായി. പരിശോധനയിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

വെള്ളം ഒഴുക്കി വിടേണ്ട തോടുകൾ നിലവിൽ വറ്റി നീരൊഴുക്ക് തടസ്സപ്പെടുന്ന രീതിയിലാണ്. 2018-19വർഷ പ്രോജക്ടിൽ പണിത ഓടയുടെ തുടക്കഭാഗത്ത് സ്വകാര്യ വ്യക്തി മതില്ല കെട്ടി അടവാക്കിയിരിക്കുന്നു. റോഡ് ക്രോസ്



ചെയത് നിർമ്മിച്ച ടി ഓടയുടെ അവസാന റീച്ചിലുള്ള തോടിന്റെ തുടക്കം ഓടയിൽ നിന്നുള്ള നീരൊഴുക്ക് എത്താത്ത വിധത്തിൽ മണ്ണിട്ടു നികത്തിയ



അവസ്ഥയിലായതിനാൽ ഓട തോടുകളെ തമ്മിൽ ബന്ധിപ്പിക്കുന്നില്ല. 2019-20 വർഷത്തെ പ്രോജക്ടിൽ നിർമ്മിച്ച ഓടയുടെ കവർ സ്ലാബുകൾ പൊട്ടി സമീപത്തുള്ള അമ്പലത്തിന്റ കോമ്പോണ്ടിൽ കൂട്ടിയിട്ടിരിക്കുകയാണ്. 2019-20 വർഷത്തെ പ്രോജക്ടിൽ ഉൾപ്പെടുത്തി നിർമ്മിച്ച ഓടയും തോടുകളെ ബന്ധിപ്പിക്കാതെ പാതി വഴിയിൽ നിർമ്മാണം അവസാനിപ്പിച്ചിരിക്കുകയാണ്. നീരൊഴുക്ക് സാധിക്കാത്തതിനാൽ ഓടയിൽ മലിനജലം കെട്ടിക്കിടക്കുകയാണ്.

ടി ഓട നിർമ്മാണം അശാസ്ത്രീയമാണെന്നും ഓടയുടെ മുകളിൽ സ്ഥാപിച്ച സ്ലാബുകൾ ഇട്ട് 15 ദിവസം തികയുന്നതിന് മുമ്പ് വണ്ടി കയറി ഒടിഞ്ഞത് മാറ്റി വാഹന ഗതാഗതയോഗ്യമല്ലാത്ത വിധം കുറെ സ്ലാബുകൾ തൽസ്ഥാനത്ത് സ്ഥാപിക്കുകയും ചെയ്തത് മൂലം കാൽനടയാത്രക്കാർക്കും വാഹനങ്ങൾ പോകുന്നതിനും തടസ്സം സൃഷ്ടിച്ചിരിക്കുന്നുവെന്നും കാണിച്ച് ലഭിച്ച പരാതി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ അസി. എഞ്ചിനിയറെ ചുമതലപ്പെടുത്തി 6..02.21 ലെ കമ്മിറ്റി തീരുമാനിച്ചിരുന്നു. ഇതിൻമേൽ തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.



കൃത്യമായ ആസൂത്രണമില്ലാതെ നടപ്പാക്കിയ ടി പദ്ധതി കൊണ്ട് ജനങ്ങൾക്ക് പ്രയോജനം ഉണ്ടായില്ലന്ന് മാത്രമല്ല ഓടയിൽ വെള്ളം കെട്ടികിടക്കുന്നത് കൊണ്ടുള്ള കൊതുക് ശല്യം മൂലം പൊതുജനാരോഗ്യത്തെ പ്രതികൂലമായ ബാധിക്കുന്നു .

പ്രോജക്ടിന്റെ ആവശ്യകത പരിഗണിക്കാതെയും പ്രായോഗികവും ശാസ്ത്രീയവുമായ പഠനം നടത്താതെയും ഇത്തരത്തിൽ ഓട നിർമ്മിക്കാനിടയായ സാഹചര്യം വ്യക്തമല്ല. നിലവിൽ നിർമ്മാണം കൊണ്ട് പ്രയോജനം ലഭിക്കാത്തതിനാൽ ഇതിനായി ചെലവഴിച്ച തുക അനാവശ്യചെലവായി തീർന്നിരിക്കുന്നു . വിശദീകരണം ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. തോടുകളുടെ ഉടമസ്ഥാവകാശം ഉറപ്പാക്കേണ്ടതും നിർമ്മാണം ലക്ഷ്യം കൈവരിച്ചുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ് . അല്ലാത്ത പക്ഷം പ്രസ്തുത നിർമ്മാണത്തിനായി ചെലവഴിച്ച തുക ഈടാക്കേണ്ടതാണ്. തുടർനടപടികൾക്കായി വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-22 വിവിധ വാർഡുകളിൽ ഓട നിർമ്മാണം അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ- അസി എഞ്ചിനിയർ

| | |
|---|---|
| പ്രോജക്ട് നം | 119/21 |
| കരാറുകാരൻ | സുഹാസ് ആർ |
| കരാർ | 33/AE/LSGD/MPT/19-20/10.02.20 |
| അളവ് പുസ്തകം | 9/20-21,40/19-20 |
| ചെലവ് | 1138933 |
| ബിൽ നമ്പർ | |

ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ഓട നിർമ്മിക്കാൻ തയ്യാറാക്കിയ പ്രോജക്ടിന്റെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1.യഥാ സമയം കരാറിൽ എർപ്പെട്ടില്ല- കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല

2012-ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009 (6)പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി14 ദിവസത്തിനകം പിഴ ഇല്ലാതെയും തുടർന്ന് 10 ദിവസം അംഗീകരിച്ച പി എസി യുടെ 1% പിഴ ഈടാക്കിയും കരാർ ചമക്കുന്നതിന് അനുവദിക്കാവുന്നതാണ് .എന്നാൽ ടി പ്രവൃത്തിയിൽ നിയമാനുസൃത സമയപരിധി കഴിഞ്ഞിട്ടും പിഴ ഈടാക്കാതെ കരാറിൽ ഏർപ്പെട്ടതായി കാണുന്നു.

| സെലക്ഷൻ നോട്ടീസ് അയച്ച/ കൈപ്പറ്റിയ തീയതി | സെലക്ഷൻ നോട്ടീസ് കൈപ്പറ്റി പിഴയില്ലാതെ കരാർ വയ്ക്കാവുന്ന അവസാന തീയതി | പിഴയോട്ടു കൂടി കരാർ വയ്ക്കാവുന്ന അവസാന തീയതി | കരാർ തീയതി | പിഴ 1% നിരക്കിൽ |
|---|---|---|---|---|
| 17/12/19 | 31/12/19 | 10/01/20 | 10.02.20 | 12496 |

2.കുഴിച്ചെടുത്ത മണ്ണ് ലേലം ചെയ്തിട്ടില്ല

ടി പ്രവൃത്തിയുടെ ഭാഗമായി വിവിധ സൈറ്റുകളിൽ നിന്ന് 155.289 M3 മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. പ്രസ്തു മണ്ണ് ലേലം ചെയ്തതായോ മൂല്യം കണക്കാക്കി കരാറുകാരന്റെ ബില്ലിൽ കുറവ് ചെയ്യുകയോ ചെയ്തിട്ടില്ല

കരാർ വെക്കുന്നതിന് കാലതാമസം നേരിട്ടതിന് ഈടാക്കേണ്ട പിഴ കരാറുകാരനിൽ നിന്നും ഈടാക്കാതിരുന്നതിനും മണ്ണ് ലേലം ചെയ്യാതിരുന്നതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം.17/16.08.2021) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിക്കുന്നത് വരെ പ്രോജക്ടിന് ചെലവഴിച്ച 1138933 രൂപ തടസ്സപ്പെടുത്തുന്നു.

## 1-23 എം സി എഫ് - വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനിയർ

മെറ്റീരിയൽ കളക്ഷൻ സെന്ററിനായി ഗ്രാമപഞ്ചായത്തിലെ 10 വാർഡിൽ മറവൻതുരുത്ത് ഇടവട്ടം വെസ്റ്റ് പാടശേഖര നെല്ലുത്പാദന സമിതിയുടെ കെട്ടിടത്തിനോട് ചേർന്ന് ഹാളും രണ്ട് ടോയ് ലെറ്റുമുൾപ്പെടെ കെട്ടിടം നിർമ്മിച്ചതിന് 2020-21 വർഷം 749611 രൂപ ചെലവഴിച്ചിട്ടുണ്ട് (പ്രോജക്ട് 147/21) എം സി എഫ് വൈദ്യുതീകരണത്തിനായി 20-21 വർഷം തന്നെ 49946 രൂപ ചെലവഴിച്ചിട്ടുണ്ട്. (പ്രോജക്ട് 149/21 ) സ്ഥല പരിശോധനയിൽ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല എന്ന് കണ്ടു. ടോയ് ലെറ്റുകൾ കെട്ടിടത്തിന് പുറക് വശത്താണ് നിർമ്മിച്ചിരിക്കുന്നത്. പ്ലാസ്റ്റിക്ക് ടോയ് ലെറ്റിന്റെ മുൻഭാഗത്ത് കൂട്ടിയിട്ടേക്കുന്നതിനാൽ ടോയ് ലെറ്റ് ഉപയോഗിക്കാൻ സാധിക്കുന്നില്ല. ഉപയോഗപ്രദമാക്കാനുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതാണ് എം സി എഫ് ആസ്തി രജിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല. അപാകതകൾ പാലിച്ച് അജൈവ മാലിന്യ സംസ്കരണം കൂടുതൽ ഫലപ്രദമാക്കാനും വൈദ്യുതി കണക്ഷൻ ലഭിക്കാനും ആസ്തിയാക്കാനും നടപടി സ്വീകരിക്കേണ്ടതാണ് .

## 1-24 തെരുവ് വിളക്കുകൾ സ്ഥാപിക്കൽ , പരിപാലനം -സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല.

ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ കെ എസ് ഇ ബി പോസ്റ്റുകളിൽ പുതിയ തെരുവു വിളക്കുകൾ (LED-Automatic) സ്ഥാപിക്കുന്നതിനും , നിലവിലുള്ളവ അറ്റകുറ്റപ്പണി നടത്തുന്നതിനുമായി സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി ധനകാര്യ കമ്മീഷൻ അവാർഡ് ഫണ്ട് വകയിരുത്തി 2019-20 , 2020-21 വർഷങ്ങളിൽ താഴെ ചേർക്കുന്ന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പദ്ധതി | സ്ഥാപനം | തുക | വാങ്ങിയ LED ബൾബുകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | SO 03/20 | തെരുവ് വിളക്ക് വാങ്ങൽ | അമ്മിണി എനർജി സിസ്റ്റംസ് , തിരുവനന്തപുരം | 399244 | 385 (18W) |
| 2 | SO 29/20 | തെരുവ് വിളക്ക് | ശിവശക്തി ഇലക്ട്രിക്കൽസ് | 133275 | 600 (9W) |

| | | | | | |
|---|---|---|---|---|---|
| | | അറ്റകുറ്റപ്പണി | ,<br>ബിജ്ജ എൻ കെ | | |
| 3 | SO 09/21 | തെരുവ് വിളക്ക് വാങ്ങൽ | Omilux, കോതനല്ലൂർ | 449415 | 521 (24W) |
| 4 | SO 11/21 | തെരുവ് വിളക്ക് അറ്റകുറ്റപ്പണി | സെൻട്രൽ ഇലക്ട്രിക്കൽ ഏജൻസിസ് , ചുങ്കം ,തലയോലപ്പറമ്പ്<br>ബിജ്ജ എൻ കെ | 183906 | 600 (9W) |

എന്നാൽ പദ്ധതി നടത്തിപ്പിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1) വാർഡ് നമ്പർ, പോസ്റ്റിന്റെ നമ്പർ, സ്ട്രീറ്റ് ലൈറ്റ് വാട്ടേജ്, ഇനം എന്നിവ ഉൾപ്പെടുത്തിയുള്ള സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2) 560സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് മാത്രമാണ് കെ എസ് ഇ ബി യിൽ സൂപ്പർവിഷൻ ചാർജ് അടച്ചിട്ടുള്ളത്. കൂടാതെ വാർഡ് മെമ്പർമാർ നൽകിയ സർട്ടിഫിക്കറ്റ് പ്രകാരം ഇത്രയും ഓട്ടോമാറ്റിക് ലൈറ്റുകൾ സ്ഥാപിച്ചതായും കാണുന്നില്ല. വാർഡ് മെമ്പർമാർ നൽകുന്ന സാക്ഷ്യപത്രത്തിൽ മാറ്റി സ്ഥാപിച്ച 9W LED, പുതുതായി സ്ഥാപിച്ച 18/24w Automatic LED എന്നിവയുടെ എണ്ണം വേർതിരിച്ച് രേഖപ്പെടുത്താത്തതിനാൽ റിപ്പയറിങ്ങ്, പുതിയവ സ്ഥാപിച്ചത് എന്നിവയുടെ കണക്ക് കൃത്യമായി വേർതിരിച്ചെടുക്കുവാൻ സാധിക്കുന്നില്ല. കൂടാതെ റിപ്പയറിങ്ങിനായി വാങ്ങിയ 9വാട്ട് എൽ ഇ ഡി ബൾബുകളുടെ എണ്ണവും, റിപ്പയറിങ് നടത്തിയവായുടെ എണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. നന്നാക്കിയ ലൈറ്റുകളുടെ എണ്ണം, ഇനം സംബന്ധിച്ച് ഗ്രാമപഞ്ചായത്തംഗങ്ങൾ എഴുതി നല്കിയ സാക്ഷ്യപത്രമല്ലാതെ മറ്റ് ആധികാരിക രേഖകളൊന്നും പഞ്ചായത്തിൽ ലഭ്യമല്ല.

3.) തെരുവ് വിളക്കുകളുടെ റിപ്പയറിംഗുൾപ്പെടെയുള്ള പ്രവൃത്തികൾക്ക് ഇലക്ട്രിസിറ്റി ബോർഡിന്റെ അനുമതി, സൂപ്പർവിഷൻ എന്നിവ ആവശ്യമാണ്. എന്നാൽ പ്രസ്തുത അനുമതി വാങ്ങിയതിന്റെയും, പ്രവൃത്തികൾ നടന്നതുസംബന്ധിച്ച ഇലക്ട്രിസിറ്റി ബോർഡിൽ നിന്നുള്ള സാക്ഷ്യപ്പെടുത്തലിന്റെയും രേഖകൾ ഇല്ല. ഹാജരാക്കിയ തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച കമ്മറ്റിയുടെ മിനുട്സിൽ ഉൾപ്പെടുത്തിയ പോസ്റ്റുകളുടെ നമ്പർ കെ എസ് ഇ ബി പോസ്റ്റിൽ രേഖപ്പെടുത്തുന്ന നമ്പറുമായി ബന്ധവുമില്ലാത്തതുമാണ്. തെരുവുവിളക്കുകൾക്കായി മീറ്റർ സ്ഥാപിക്കുന്നതിന് KSEB യിൽ തുക അടച്ച് മീറ്റർ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ആയത് KSEB പ്രവർത്തന ക്ഷമമാക്കിയിട്ടില്ല.

വർഷംതോറും തെരുവ് വിളക്ക് സ്ഥാപനത്തിനും പരിപാലനത്തിനുമായി വ്യത്യസ്ത പ്രോജക്ടുകൾ രൂപീകരിക്കുകയും സ്പിൽ ഓവറായി തുടരുകയും ചെയ്യുന്നവെങ്കിലും പഞ്ചായത്തിലെ വിവിധ വാർഡുകളിലായി സ്ഥാപിച്ചിട്ടുള്ള പലയിനം തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച ആധികാരിക രേഖകളൊന്നും സൂക്ഷിക്കാതെ കരാറുകാർ നല്കുന്ന ബില്ലുകളും, അംഗങ്ങൾ നല്കുന്ന സാക്ഷ്യപത്രങ്ങളും മാത്രം അടിസ്ഥാനമാക്കി തുകകൾ നല്കുന്നത് തെറ്റായ കീഴ്വഴക്കമാണ്. ഇലക്ട്രിസിറ്റി ബോർഡിൽ നിന്ന് തെരുവ് വിളക്കുകളുടെ കറന്റ്ചാർജ് ഈടാക്കുന്ന മാനദണ്ഡപ്രകാരം ഉള്ള ഇനം തിരിച്ച തെരുവ് വിളക്കുകളുടെ എണ്ണം,തെരുവ് വിളക്ക് സ്ഥാപിച്ച പോസ്റ്റിന്റെ നമ്പർ എന്നിവ ചേർത്ത രജിസ്റ്റർ സൂക്ഷിക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് തയാറാക്കേണ്ടതുമാണ്. സ്ഥിതിവിവരക്കണക്കുകളില്ലാതെ തെരുവ് വിളക്ക് പരിപാലനത്തിന് പ്രോജക്ട് വച്ച് വൻതുക ചെലവഴിക്കുന്നത് നിയന്ത്രിക്കേണ്ടതാണ്.

## 1-25 ലൈഫ് ഭവനപദ്ധതി- ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ.

വി.ഇ.ഒ മറവന്തുരുത്ത് നിർവ്വഹണോദ്യോഗസ്ഥയായി ലൈഫ് ഭവനപദ്ധതിക്കായി 3 പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് നമ്പർ 35/21 ലൈഫ് ഭവനപദ്ധതി ജനറൽ

31.3.2021 വരെ 74 ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടു. ആയതിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | സ്റ്റേജ് |
|---|---|---|---|
| 1 | സീമ പ്രജീഷ് , അകത്തേരിൽ | 80000 | വാൾ പ്ളേറ്റ് |
| 2 | അജിത്ത് , തച്ചാമിറ്റത്തിൽ | 49880 | മേൽക്കൂര |
| 3 | അനിത പടിഞ്ഞാറേനട്ടച്ചിറ | 40000 | അടിത്തറ |
| 4 | ശശി , മൂന്നകണ്ടത്തിൽ | 40000 | അടിത്തറ |

2)പ്രോജക്റ്റ് നമ്പർ 36/21 ലൈഫ് ഭവനപദ്ധതി (എസ്.സി.പി)

31.3.21 വരെ 14 ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടു. ആയതിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | സ്റ്റേജ് |
|---|---|---|---|
| 1 | രമണൻ, പുത്തൻതറ | 40000 | അടിത്തറ |
| 2 | ഉഷരമേശൻ, കൊച്ചുതറ | 360000 | മേൽക്കൂര |
| 3 | ബാബു പത്തുപറ | 360000 | മേൽക്കൂര |
| 4 | രജിമോൻ, കറുകപ്പുറത്ത് | 300000 | ലിന്റൽ |
| 5 | സ്മിത വിനോദ്, ചാലുതറ | 300000 | ലിന്റൽ |
| 6 | സുബിത ശ്യാംകുമാർ, ഗീതാഞ്ചലി | 360000 | മേൽക്കൂര |
| 7 | സതീശൻ, മൂലേപ്പടവിൽ | 200000 | അടിത്തറ |
| 8 | വന്ദന, നികർത്തുതറ | 200000 | അടിത്തറ |

3)പ്രോജക്റ്റ് നമ്പർ 36/21 ലൈഫ് ഭവനപദ്ധതി (റ്റി.എസ്.പി)

ശ്രീമതി.രജിത ആർ, ഇലക്കൊടിക്കയിൽ എന്ന ഗുണഭോക്താവ് 18.2.21 ൽ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടു. ബിൽ നമ്പർ 39/20-21 തീയതി 19.2.21 പ്രകാരം 70000 രൂപ ടിയാരിക്ക് കൈമാറുകയും ചെയ്തു. നിലവിൽ അടിത്തറ പൂർത്തിയാക്കിയിട്ടുണ്ട്.

മേൽ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയ ശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-26 വീട് വാസയോഗ്യമാക്കൽ- പൂർത്തിയാക്കാത്തവർ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 24/21 |
| പ്രോജക്റ്റിന്റെ പേര് | വീട് വാസയോഗ്യമാക്കൽ |
| ചെലവ് | 675000 , വികസനഫണ്ട് |
| ബിൽ നമ്പർ,തീയതി | 36/20-21, 12.2.21= 200000<br>37/20-21, 20.2.21 = 100000<br>41/20-21, 24.2.21 = 200000<br>52/20-21, 25.3.21 = 50000<br>54/20-21, 25.3.21 = 75000<br>44/20-21, 15.3.21 = 50000 |
| നിർവ്വഹണോദ്യോഗസ്ഥ | വി.ഇ.ഒ മറവന്തുരുത്ത് |

വീട് വാസയോഗ്യമാക്കലിന് തൻവർഷം അഡ്വാൻസ് തുക കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.

| ഗുണഭോക്താവ് | വാർഡ് നമ്പർ | കൈപ്പറ്റിയ തുക |
|---|---|---|
| പുഷ്പവല്ലി, കൊച്ചുതറ | 9 | 75000 |
| കാർത്ത്യായനി, വാലയിൽ | 6 | 50000 |
| ശ്രീലതാ തമ്പി, നാറാണത്തുതിട്ടയിൽ | 12 | 75000 |
| മാധവി ഒറ്റക്കണ്ടത്തിൽ | 6 | 50000 |
| ഗീത ആല്വംപടിക്കൽ | 9 | 75000 |
| ഓമന , തേവന്തറ | 1 | 50000 |
| | ആകെ | 375000 |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ജി.ഒ (എം.എസ്) 22/18 തീയതി 14.2.18 ഖണ്ഡിക 6.7 പ്രകാരം കരാറിലേർപ്പെട്ട ശേഷം 50% തുക മുൻകൂറായി നൽകാമെന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ ക്രമ നമ്പർ 1, 3, 5 എന്നിവർക്ക് 75000 രൂപ വീതം നൽകിയിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 20/16.08.2021), തീരെ നിവൃത്തിയില്ലാത്ത ഗുണഭോക്താക്കൾക്ക് അവർ നിർവ്വഹിച്ച പ്രവൃത്തിയുടെ സ്റ്റേജ് നേരിൽ പരിശോധിച്ചശേഷമാണ് കൂടുതൽ തുക അനുവദിച്ചതെന്നാണ് നിർവ്വഹണോദ്യോഗസ്ഥ നൽകിയ മറുപടി. അപാകത ആവർത്തിക്കാതിരിക്കേണ്ടതാണ്.

വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തിയാക്കിയശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ആയതിലേക്കായി 375000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 കന്നുകുട്ടിപരിപാലനം- വിനിയോഗവിവരമില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 25/21 |
| ചെലവ്, ഫണ്ടിനം | 312500<br>വികസനഫണ്ട് |
| ബിൽ നമ്പർ,തീയതി | 16/19-20, 19.3.2021 |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |

കന്നുകുട്ടിപരിപാലനം എന്ന പ്രോജക്ടിനായി വികസനഫണ്ടിൽ നിന്നും 312500 രൂപ പിൻവലിച്ച് അസി. ഡയറക്ടർ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം കോട്ടയത്തിന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ആകെ 25കിടാരികൾക്ക് (25x12500) കാലിത്തീറ്റ നൽകുകയായിരുന്നു ലക്ഷ്യം. 19. 2. 21 ലെ 1(4) നമ്പർ കമ്മറ്റിത്തീരുമാനപ്രകാരം കുലശേഖരമംഗലം മിൽക്ക് സൊസൈറ്റിയെ കാലിത്തീറ്റ വിതരണ ചുമതലയേൽപ്പിച്ചു. 4/2021 മുതൽ വിതരണം ആരംഭിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ നിർവ്വഹണ കാലയളവ് കഴിയുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-28 ആസ്തി പരിപാലനം

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 20.01.2017 ലെ ജി.ഒ.(ആർ.ടി.)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാനവൽ പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസ്സറ്റ് മാനേജ് മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും(AMS), അസറ്റ് മാനേജ് മെന്റ് പ്ലാനും (AMP) തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലുള്ള കമ്മറ്റി രൂപീകരിച്ചിട്ടില്ല.

പഞ്ചായത്തിൽ സൂക്ഷിക്കുന്ന ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ, നിർമ്മാണ ചെലവ്, അവസാന

മെയിന്റനൻസ് വിവരങ്ങൾ, കൂട്ടിച്ചേർക്കലുകൾ നടത്തിയതിന്റെ തീയതിയും ചെലവും തുടങ്ങി പ്രധാനപ്പെട്ട രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ലാത്തതായി കാണുന്നു.

കൂടാതെ കാലഹരണപ്പെട്ടതും നിലവിൽ ഉപയോഗമില്ലാത്തതുമായ ആസ്തികൾ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടില്ല. ആസ്തിരജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും രേഖപ്പെടുത്തിയിട്ടുള്ള പല ആസ്തികളെ സംബന്ധിച്ചും നിർമ്മാണം നടത്തിയ വർഷം രേഖപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ വാർഷിക കണക്കിലെ ആസ്തിമൂല്യം യഥാർത്ഥത്തിലുള്ള മൂല്യത്തെ പ്രതിഫലിപ്പിക്കുന്നില്ല എന്ന് വിലയിരുത്തുന്നു.

## 1-29 വിനിയോഗ വിവരം ലഭ്യമല്ല

താഴെ ചേർക്കുന്ന പദ്ധതികളുടെ നടത്തിപ്പിനായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് മുൻകൂറായി തുക നൽകിയിട്ടുണ്ട്. എന്നാൽ ടി തുകകൾ ചെലവഴിച്ചതിന്റെ വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല.

| ക്രമ നം. | പ്രൊജക്റ്റ് നമ്പർ | പദ്ധതി | സ്ഥാപനം | ബിൽ നം. / തീയതി | തുക |
|---|---|---|---|---|---|
| 1 | SO 08/21 | IKM പ്രവർത്തന ഫണ്ട് -2020-21 | IKM | 6/9.06.20 | 71520 |
| 2 | SO 218/21 | മണിയാശ്ശേരി ഭാഗത്ത് ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | KSEB | 1338/03.03.21 | 14924 |
| 3 | SO 209/21 | ജൽ ജീവൻ മിഷൻ - തുക അടവാക്കൽ | KWA | 38/12.03.21 | 200000 |

ടി പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-30 കൈപ്പറ്റ് രസീത് ലഭ്യമായിട്ടില്ല.

2020-21 സാമ്പത്തിക വർഷം ശ്രീ അരുൺ ജിതേഷ്, എച്ച്.സി യുടെ സാലറി റിക്കവറി ഇനത്തിൽ താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം പിൻവലിച്ച തുകകൾ ഒടുക്കിയതിന്റെ കൈപ്പറ്റ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമ | വൗച്ചർ വിശദാംശങ്ങൾ | തുക |
|---|---|---|

| | | |
|---|---|---|
| നമ്പർ | | |
| 1 | വൗച്ചർ നം 22000038 തീയതി 13.04.20- കെ.എസ്.എഫ്.ഇ തിരിച്ചടവ് | 6000 |
| 2 | വൗച്ചർ നം 22000039 തീയതി 13.04.20- കോപ്പറേറ്റീവ് സൊസൈറ്റി തിരിച്ചടവ് | 6000 |
| 3 | വൗച്ചർ നം 22000102 തീയതി 04.05.20- കെ.എസ്.എഫ്.ഇ തിരിച്ചടവ് | 6000 |
| 4 | വൗച്ചർ നം 22000103 തീയതി 04.05.20- കോപ്പറേറ്റീവ് സൊസൈറ്റി തിരിച്ചടവ്. | 6000 |
| 5 | വൗച്ചർ നം 22000184 തീയതി 03.6.20- കെ.എസ്.എഫ്.ഇ തിരിച്ചടവ് | 6000 |
| 6 | വൗച്ചർ നം 22000185 തീയതി 03.06.20- കോപ്പറേറ്റീവ് സൊസൈറ്റി തിരിച്ചടവ് | 6000 |
| 7 | വൗച്ചർ നം 22000363 തീയതി 02.07.20- കോപ്പറേറ്റീവ് സൊസൈറ്റി തിരിച്ചടവ് | 6000 |
| 8 | വൗച്ചർ നം 22000364 തീയതി 02.07.20- കെ.എസ്.എഫ്.ഇ തിരിച്ചടവ് | 6000 |
| 9 | വൗച്ചർ നം 22000455 തീയതി 03.08.20- കോപ്പറേറ്റീവ് സൊസൈറ്റി തിരിച്ചടവ് | 6000 |
| 10 | വൗച്ചർ നം 22000456 തീയതി 03.08.20- കെ.എസ്.എഫ്.ഇ തിരിച്ചടവ്. | 6000 |
| 11 | വൗച്ചർ നം 22000556 തീയതി 03.09.20- കെ.എസ്.എഫ്.ഇ തിരിച്ചടവ്. | 6000 |
| 12 | വൗച്ചർ നം 22000557 തീയതി 03.09.20- കോപ്പറേറ്റീവ് സൊസൈറ്റി തിരിച്ചടവ്. | 6000 |
| 13 | വൗച്ചർ നം 22000690തീയതി 07.10.20- കോപ്പറേറ്റീവ് സൊസൈറ്റി തിരിച്ചടവ്. | 6000 |
| 14 | വൗച്ചർ നം 22000691 തീയതി 07.10.20- കെ.എസ്.എഫ്.ഇ തിരിച്ചടവ്. | 6000 |
| 15 | വൗച്ചർ നം 22000837തീയതി 11.11.20- കോപ്പറേറ്റീവ് സൊസൈറ്റി തിരിച്ചടവ്. | 6000 |
| 16 | വൗച്ചർ നം 22000839 തീയതി 11.11.20- കെ.എസ്.എഫ്.ഇ തിരിച്ചടവ്. | 6000 |
| 17 | വൗച്ചർ നം 22000933 തീയതി 03.12.20- കെ.എസ്.എഫ്.ഇ തിരിച്ചടവ്. | 6000 |
| 18 | വൗച്ചർ നം 22000934 തീയതി 03.12.20- കോപ്പറേറ്റീവ് സൊസൈറ്റി തിരിച്ചടവ്. | 6000 |
| 19 | വൗച്ചർ നം 22000935 തീയതി 03.12.20- അദ്ധ്യാപക സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് തിരിച്ചടവ്. | 8000 |
| 20 | വൗച്ചർ നം 22001040 തീയതി 05.01.21- കെ.എസ്.എഫ്.ഇ തിരിച്ചടവ്. | 5000 |
| 21 | വൗച്ചർ നം 22001041 തീയതി 05.01.21- ഗവ.എംപ്ലോയിസ് കോപ്പറേറ്റീവ് സൊസൈറ്റി തിരിച്ചടവ്. | 5000 |

| | | |
|---|---|---|
| 22 | വൗച്ചർ നം 22001043 തീയതി 05.01.21- എയിഡഡ് പ്രൈമറി ടീച്ചേഴ്സ് കോപ്പറേറ്റീവ് സൊസൈറ്റി തിരിച്ചടവ്. | 5000 |
| 23 | വൗച്ചർ നം 22001044തീയതി 05.01.21- അദ്ധ്യാപക സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് തിരിച്ചടവ്. | 5000 |
| 24 | വൗച്ചർ നം 22001234 തീയതി 09.02.21- കെ.എസ്.എഫ്.ഇ തിരിച്ചടവ്. | 5000 |
| 25 | വൗച്ചർ നം 22001235 തീയതി 09.02.21- ഗവ.എംപ്ലോയിസ് കോപ്പറേറ്റീവ് സൊസൈറ്റി തിരിച്ചടവ്. | 5000 |
| 26 | വൗച്ചർ നം 22001237 തീയതി 09.02.21- അദ്ധ്യാപക സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് തിരിച്ചടവ്. | 5000 |
| 27 | വൗച്ചർ നം 22001238 തീയതി 09.02.21- എയിഡഡ് പ്രൈമറി ടീച്ചേഴ്സ് കോപ്പറേറ്റീവ് സൊസൈറ്റി തിരിച്ചടവ്. | 5000 |
| | ആകെ | 156000 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/17.08.2021) കൈപ്പറ്റ് രസീതുകൾ ഹാജരാക്കുന്നതാണെന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ആയത് ലഭ്യമാക്കുന്ന മുറക്ക് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-31 ഗ്രാമ പഞ്ചായത്തിലെ വിവിധ തോടുകളുടെ ആഴം കൂട്ടൽ -മൈനർ ഇറിഗേഷൻ വകുപ്പിൽ നിന്നും നിരാക്ഷേപ പത്രം ലഭ്യമായിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ വിവിധ തോടുകളുടെ ആഴം കൂട്ടൽ എന്ന പദ്ധതി വിവിധ പ്രൊജെക്ടുകൾ പ്രകാരം നടപ്പാക്കിയിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച കമ്മറ്റി തീരുമാനം താഴെ ചേർക്കുന്നു.

യോഗ തീയതി : 17.06.2020

അജണ്ട :- 24 തീരുമാന നമ്പർ :- 1

ഫയൽ നമ്പർ :- 103/AE/LSGD/MPT/20-21 Dated 26.05.2020

മറവൻതുരുത്ത് ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത നടപ്പിലാക്കുന്ന വിവിധ വാർഡുകളിലെ തോടുകളുടെ ആഴം കൂട്ടുന്ന പദ്ധതിക്ക്NOC ലഭ്യമാക്കണമെന്നാവിശ്യപ്പെട്ട് അസിസ്റ്റൻറ് എഞ്ചിനീയർ എൽ.എസ്.ജി.ഡി നൽകിയ കത്ത് വായിച്ചു. മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന തോടുകൾ ആഴം കൂട്ടി വൃത്തിയാക്കുന്നതിനായി നിരാക്ഷേപ പത്രം അനുവദിക്കുന്നതിന് മൈനർ ഇറിഗേഷൻ വകുപ്പിനോട് അഭ്യർത്ഥിക്കുന്നതിന് തീരുമാനിച്ചു.

1 പോഴവേലി തോട് - പ്രൊജക്റ്റ് നമ്പർ SO166/21

2 പുത്തൻതറ മേക്കര തോട്- പ്രൊജക്റ്റ് നമ്പർ SO176/21

3 പഞ്ഞിപ്പാലം കുട്ടുമ്മേൽ മൂഴിക്കൽ തോട് - പ്രൊജക്റ്റ് നമ്പർ SO177/21

4 പായിക്കാട്ട് തോട് - പ്രൊജക്റ്റ് നമ്പർ SO 178/21

5 വാളോർമംഗലം മേനോത്ത് തോട് - പ്രൊജക്റ്റ് നമ്പർ SO179/21

6 ചൊള്ളന്തറ തോട് - പ്രൊജക്റ്റ് നമ്പർ SO166/21

മൈനർ ഇറിഗേഷൻ വകുപ്പിൽ നിന്നും ലഭ്യമാക്കിയ NOC യുടെ പകർപ്പ് ലഭ്യമാക്കുവൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.23/16.08.2021) നൽകിയതിൽ നിരാക്ഷേപ പത്രം ലഭ്യമായിട്ടില്ല എന്നും ആയത് ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുമെന്നതിനാൽ പദ്ധതികൾ നടപ്പാക്കുകയാണ് ചെയ്തത് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. നാട്ടുതോടുകൾ സംബന്ധിച്ച രേഖകൾ ഗ്രാമ പഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാൽ മൈനർ ഇറിഗേഷൻ വകുപ്പിൽ നിന്നും അനുമതി പത്രം ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്

## 1-32 അഗതിരഹിത കേരളം പദ്ധതി - പ്രവർത്തനം തൃപ്തികരമല്ല

ആശ്രയ/അഗതിരഹിതകേരളം പദ്ധതിയ്ക്കായി 2019-20 വർഷം 5 ലക്ഷം രൂപ , 2020-2021 വർഷം 4.5ലക്ഷം രൂപ എന്നിങ്ങനെ ആകെ 950000/- രൂപ വികസനഫണ്ടിനത്തിൽ മറവന്തുരുത്ത് ഗ്രാമപഞ്ചായത്ത് സി ഡി എസ്സ് ന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളുടെ എണ്ണവും ടിയാളുകളുടെ അർഹത സംബന്ധിച്ചും നിലവിലും തർക്കങ്ങളുള്ളതിനാൽ നാളിതുവരെ വികസനഫണ്ട് ചെലവഴിച്ചിട്ടില്ല. ചലഞ്ച് ഫണ്ട് യഥാസമയം ലഭ്യമാകാത്തതിനാൽ വികസന ഫണ്ട് നിലവിൽ ഭക്ഷണച്ചെലവിനായി മാവേലി സ്റ്റോറിൽ നൽകുകയാണ് ചെയ്തുവരുന്നത്. 2021-2022 ൽ ചലഞ്ച് ഫണ്ട് ലഭിച്ചിട്ടുണ്ട്. ചലഞ്ച് ഫണ്ട് വിനിയോഗിക്കുവാൻ പാടില്ലാത്ത അടിസ്ഥാന സൗകര്യ വികസനത്തിനാണ് പ്ലാൻ ഫണ്ട് ഉപയോഗിക്കേണ്ടത്. എന്നാൽ ടി പദ്ധതികൾ തയ്യാറാക്കാത്തതിനാൽ നിലവിൽ വികസന ഫണ്ട് ഈ ആവശ്യത്തിനായി ചെലവഴിച്ചിട്ടില്ല. മതിയായ ഫണ്ട് ലഭ്യമായിരുന്നിട്ടും സമൂഹത്തിലെ ഏറ്റവും ദുർബലജനവിഭാഗങ്ങളുടെ ക്ലേശഘടകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ പ്രോജക്ടുകൾ ഏറ്റെടുത്ത് നിർവ്വഹിക്കാൻ കഴിയാത്ത അവസ്ഥ ആശാസ്യമല്ല. സമൂഹത്തിലെ ഏറ്റവും ദുർബല വിഭാഗത്തിൽ പെട്ട ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി രൂപീകരിച്ച ഈ പദ്ധതി നടപ്പാക്കുന്നതിന് ഈ വിഷയത്തിൽ അടിയന്തിരമായി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-33 കരാറിലേർപ്പെട്ട പ്രോജക്ടുകൾ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടും ആരംഭിച്ചിട്ടില്ല

അസി. എഞ്ചിനിയർ നിർവ്വഹണോദ്യാഗസ്ഥനായി സ്പിൽ ഓവറായി ഉൾപ്പെടുത്തിയിരുന്ന ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ നാളിതു വരെ നടപ്പാക്കിയില്ല വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | കരാറുകാരൻ | കരാർ തീയതി,പൂർത്തീകരണ കാലയളവ് | അടങ്കൽ |
|---|---|---|---|
| 166/21പോഴവേലി തോട് ആഴം കൂട്ടൽ | സി.എം.സേവ്യർ | 31.03.20 , മൂന്ന് മാസം | 150000/- |
| 157/21കെ എസ് മംഗലം കുടുംബക്ഷേമ കേന്ദ്രം നവീകരണം | പി പി രാജീവ് | 05.12.19 ആറ് മാസം | 206000/- |
| 156/21കൊട്ടാരത്തിൽ ശാരദാമഠം റോഡ് കൈവരി നിർമ്മാണം | അജി ടി എം | 21.01.20 ആറ് മാസം | 550000/- |
| 183/21പാലത്തിങ്കൽ നടുക്കരി റോഡ് പുനരുദ്ധാരണം | പി പി രാജീവ് | 31.03.20 മൂന്ന് മാസം | 290000/- |
| 169/21കറുകശ്ശേരി കൊച്ചുതറ റോഡ് പുനരുദ്ധാരണം | സാർവ്വഭൗമൻ പി..പി. | 31.03.20 മൂന്ന് മാസം | 450000/- |
| 162/21ഐ എച്ച് ഡി പി കോളനി നവീകരണം | ,, | 05.12.19 ആറ് മാസം | 165000/- |

പ്രോജക്ടുകളുടെ ആദ്യ നടപടിക്രമങ്ങൾ പൂർത്തിയാക്കി കരാറിൽ ഏർപ്പെട്ടതിനു ശേഷമാണ് മരാമത്ത് പ്രവൃത്തികൾ സ്പിൽ ഓവറായി തുടർ വർഷങ്ങളിൽ ഉൾപ്പെടുത്തുന്നത്. 29.3.17-ലെ ജി.ഒ (എം.എസ്) 72/2017/ തസ്വഭവ നമ്പർ മാർഗ്ഗരേഖോ ഉത്തരവ് ഖണ്ഡിക 6-8 (2) അനുസരിച്ച് സ്പിൽ ഓവർപ്രോജക്ടുകൾ അവ സ്പിൽ ഓവറായ വർഷം തന്നെ നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണ് എന്ന് വ്യക്തമാക്കുന്നുണ്ട്.

മേൽ പ്രോജക്ടുകളുടെ നിലവിലെ അവസ്ഥ, പ്രോജക്ട് നടപ്പിലാക്കാത്തതിന്റെ കാരണം തുടങ്ങിയവ വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (15/16.08.2021) ലഭ്യമാക്കിയ മറുപടിയിൽ വിവിധ സൈറ്റുകളിൽ തർക്കം നിലനിൽക്കുന്നതിനാലാണ് പണി ആരംഭിക്കാത്തതെന്ന് മറുപടിയിൽ അസിസ്റ്റന്റ്

എൻജിനീയർ വ്യക്തമാക്കുകയുണ്ടായി. സ്പിൽ ഓവർവിഹിതം ലഭിക്കാത്ത സാഹചര്യത്തിൽ പ്രോജക്ടുകൾക്കുള്ള ചെലവ് തൻവർഷ വിഹിതത്തിൽനിന്നും കണ്ടെത്തേണ്ടി വരുന്നതുമൂലം തൻവർഷപദ്ധതികൾക്ക് വകയിരുത്തേണ്ട വിഹിതത്തിൽ കുറവ് വരികയും ചെയ്യുന്നു. ആയത് നടപ്പാക്കാത്തത് മൂലം പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതാണ്.

മേൽ സാഹചര്യത്തിൽ പ്രവൃത്തി ഏറ്റെടുത്തതിനുശേഷം കരാർപ്രകാരം പൂർത്തീകരിക്കാത്ത കരാറുകാരുടെ ഇ.എം.ഡി, സെക്യൂരിറ്റി എന്നീ ഇനങ്ങളിൽ പഞ്ചായത്തിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് വസൂലാക്കേണ്ടതും അവർക്കെതിരെ പൊതുമരാമത്ത് ചട്ടപ്രകാരമുള്ള മറ്റ് നിയമനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-34 ടെണ്ടർ നടപടികളിലെ അപാകതകൾ

തൻവർഷം ടെണ്ടർ ചെയ്ത ഭൂരിഭാഗം പ്രവൃത്തികളിലും രണ്ട് കരാറുകാർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ഇവയിൽ ഒരു കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിലും മറ്റേയാൾ എസ്റ്റിമേറ്റിനെക്കാൾ ഉയർന്ന നിരക്കിലും ടെണ്ടർ രേഖപ്പെടുത്തുന്നു. ഇ ടെണ്ടർ ചെയ്ത പ്രവൃത്തികളും ടെണ്ടർ/റീടെണ്ടർ ചെയ്തതിന് ശേഷവും ഏറ്റെടുക്കാൻ ആളില്ലാത്തതിനാൽ ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ കരാറുകാർക്ക് അനുവദിക്കുന്നുണ്ട്. ഇത് ടെണ്ടർ ഫോറത്തിന്റെ വില അടയ്ക്കാതെ പ്രവൃത്തി ഏറ്റെടുക്കുന്ന സാഹചര്യം ഉണ്ടാകുന്നുണ്ട്. 2019-20 വർഷം 37പ്രോജക്ടുകളും 20-21 വർഷം 8 പ്രോജക്ടുകളും ക്വട്ടേഷൻ മുഖേന നിർവ്വഹിച്ചിട്ടുണ്ട്. ഇതിൽ 5 ലക്ഷത്തിനു മുകളിലുള്ള അഞ്ചു പ്രോജക്ടുകളും ഉൾപ്പെടും.

ഈ പ്രവണത പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ സുതാര്യത ഇല്ലാതാക്കുന്നതും പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താല്പര്യത്തിന് നിരക്കുന്നതുമല്ല.

ടെണ്ടറിംഗിൽ മത്സരക്ഷമതയും സുതാര്യതയും ഉറപ്പുവരുത്താനും അതുവഴി പ്രവൃത്തിയുടെ ചെലവ് കുറയ്ക്കാനും വികസന സ്റ്റാന്റിംഗ് കമ്മിറ്റി സമയോജിത ഇടപെടൽ നടത്തേണ്ടതും ജാഗ്രത പുലർത്തേണ്ടതുമാണ്.

## 1-35 മെഡിക്കൽ ഓഫീസർ സി.എച്ച് .സി നിർവ്വഹിച്ച വിവിധ പ്രോജക്ടുകളിലെ അപാകതകൾ

2020- 21 വർഷം മെഡിക്കൽ ഓഫീസർ സി.എച്ച് .സി നിർവ്വഹിച്ച വിവിധ പ്രോജക്ടുകളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പാലിയേറ്റീവ് കെയർ പ്രോജക്ട് - വാഹനവാടകയിനത്തിൽ അധികച്ചെലവ്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 133/21 |
| ചെലവ് , ഫണ്ടിനം | 145615 (വികസനഫണ്ട്) |

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 29.10.15 ലെ ജി.ഒ (എം.എസ്) 3217/15 നമ്പർ ഉത്തരവ് പ്രകാരം പാലിയേറ്റീവ് കെയർ പ്രോജക്ടിന് വാഹന വാടകയിനത്തിൽ നൽകാവുന്ന പരമാവധി തുക 1100 രൂപയാണ്. എന്നാൽ 3/20 ൽ പാലിയേറ്റീവ് കെയറിനായി വാഹനമോടിയതിന് 1250 രൂപ നിരക്കിൽ നൽകിയിട്ടുണ്ട് (ബിൽ നമ്പർ 3/20-21 തീയതി 22.4.20 ). 16 ദിവസം വാഹനമോടിയതിന് 1250 രൂപ നിരക്കിൽ 20000 രൂപ നൽകിയിട്ടുണ്ട്. 1100 രൂപ നിരക്കിൽ 16 ദിവസം വാഹനമോടിയതിന് 17600 രൂപയാണ് അനുവദനീയം. 2400 രൂപ അധികമായി നൽകിയിട്ടുണ്ട്. 2018-19 ഓഡിറ്റിൽ അപാകത ചൂണ്ടിക്കാട്ടിയതിനാൽ തുടർ വർഷങ്ങളിൽ അധികച്ചെലവുണ്ടായിട്ടില്ല എന്നാണ് നിർവ്വഹണോദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടി. അപാകത ആവർത്തിക്കാതിരിക്കേണ്ടതാണ്.

2) വിവിധ മരുന്ന് / ഉപകരണങ്ങൾ വാങ്ങൽ - സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തിട്ടില്ല.

തൻവർഷം വിവിധ പ്രോജക്ടുകളിലായി മരുന്നുകളും ഉപകരണങ്ങളും പർച്ചേസ് ചെയ്യുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് തുക കൈമാറിയിട്ടുണ്ട് . എന്നാൽ പല മരുന്നുകളും പൂർണ്ണമായി ലഭിക്കുകയോ സ്റ്റോക്കിലെടുക്കുകയോ ചെയ്തതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ,പേര് | ഫണ്ട്, ബിൽ നമ്പർ, തീയതി | ചെലവ് തുക | കിട്ടാനുള്ള ഇനം | സ്റ്റോക്കിലെടുത്തത് | കിട്ടാനുള്ള ഐറ്റത്തിന്റെ ബാലൻസ് തുക |
|---|---|---|---|---|---|
| 37/21 | വികസനഫണ്ട് | 67179 | ഡയപ്പർ | ഡയപ്പർ | 67179 |

| | | | | | |
|---|---|---|---|---|---|
| ആശ്വാസകിരണം | 13/20-21 , 26.6.20 | | വാങ്ങൽ 2000 എണ്ണം | ലഭ്യമാക്കിയിട്ടില്ല | |
| 38/21 വൃദ്ധവികലാംഗ പരിചരണം | വികസനഫണ്ട് 22/20-21 , 16.9.20 | 92847 | ഗ്ലൗസ് 1000 എണ്ണം | 86844 രൂപയുടെ മരുന്ന് | 6003 |
| 39/21 സ്ഥിരം മരുന്ന് കഴിക്കുന്നവർക്ക് മരുന്ന് വിതരണം | വികസനഫണ്ട് 25/20-21 , 4.11.20 | 278849 | മരുന്നുകൾ | 252692 രൂപയുടെ മരുന്ന് | 26157 |
| | 39/20-21 , 26.3.21 | 110728 | മരുന്നുകൾ | ലഭിച്ചില്ല | 110728 |
| | 42/20-21 , 26.3.21 | 10414 | മരുന്നുകൾ | ലഭിച്ചില്ല | 10414 |
| 42/21 വൃദ്ധജനപരിപാലനം | 41/20-21 , 16.3.21 | 26210 | മരുന്നുകൾ | 4364 രൂപയുടെ മരുന്ന് ലഭിച്ചു | 21846 |
| | | | | ആകെ | 242327 |

കോവിഡ് സാഹചര്യം മൂലം മരുന്നുകൾ ലഭ്യമാകാൻ താമസം വന്നെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത ശേഷം വിവരം ഓഡിറ്റിൽ അറിയിക്കാമെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 6/13.08.2021) നിർവ്വഹണോദ്യോഗസ്ഥ സമർപ്പിച്ച മറുപടി. മരുന്ന് ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത ശേഷം വിവരം ഓഡിറ്റിൽ അറിയിക്കുന്നതിലേക്കായി 242327 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3) റേഡിയേഷൻ മെഷീൻ വാങ്ങാൻ തുക കൈമാറൽ- വിനിയോഗ വിവരമില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 108/21 |
| ചെലവ് , ഫണ്ടിനം | 100000 (വികസനഫണ്ട്) |
| ബിൽ നമ്പർ, തീയതി | 43/20-21, 17.3.21 |

പാലാ ജനറൽ ആശുപത്രിയിൽ ക്യാൻസർ ചികിൽസയ്ക്കുള്ള കൊബാൾട്ട് റേഡിയേഷൻ മെഷീൻ വാങ്ങാൻ പഞ്ചായത്ത് വിഹിതമായി 100000 രൂപ വികസനഫണ്ടിൽ നിന്നും ജില്ലാപഞ്ചായത്തിന് കൈമാറി . തുകയുടെ വിനിയോഗ വിവരം ജില്ലാപഞ്ചായത്തിൽ നിന്നും ലഭ്യമായില്ല. അതിനാൽ 100000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-36 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായിട്ടില്ല

പ്രോജക്ട് നം.33/21 - ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ

ചെലവ് : ₹ 150000/-

ബിൽ നം. 01/09.11.2020

ഫണ്ട്: മെയിന്റനൻസ് ഫണ്ട് (റോഡിതരം)

നിർവ്വഹണോദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി ,

ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന വാങ്ങുന്നതിനായി 150000/- രൂപ 24.11.2020 ൽ HOMCO യുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകളൊന്നും ഇതേവരെ ലഭിച്ച് തുടങ്ങിയിട്ടില്ല. HOMCOയുമായി ബന്ധപ്പെട്ട് മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ 1,50000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-37 കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികൾ - അപാകതകൾ

| | |
|---|---|
| പ്രോജക്ട് | 1)946/2021, ജാതിക്കൃഷി വികസനം<br>2)45)2021ഏത്തവാഴ കൃഷി വികസനം |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ചെലവ് | 1) 200000/-<br>2)522604/- |

മേൽ പ്രോജക്ട് പ്രകാരം കർഷകർ സബ്സിഡി നിരക്കിൽ ജൈവവളം /രാസവളം വാങ്ങിയതിന് കുലശേഖരമംഗലം സർവ്വീസ് സഹകരണ ബാങ്ക് 3850,വടയാർ കാർഷിക എസ് സി ബി, മറവന്തുരുത്ത് എസ് സി ബി,എന്നിവരുടെ അക്കൗണ്ടിലേക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ സർക്കുലർ ഡി എ1/553/2018/ തസ്വഭവ തീയതി 30/07/18 കൃഷി ആവശ്യങ്ങൾക്ക് രാസവളങ്ങൾ സഹകരണസംഘങ്ങളിൽ നിന്ന് വാങ്ങാവുന്നതാണെന്നും വാങ്ങിയതിന് ശേഷം ഒറിജിനൽ ബിൽ കൃഷി ഓഫീസർക്ക് നൽകുന്ന മുറയ്ക്ക് സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നൽകേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെഗുണഭോക്താക്കൾ കൃഷി ചെയ്ത വാഴ / ജാതിയുടെ എണ്ണം കൃഷി അസിസ്റ്റന്റ് ഫീൽഡ് പരിശോധന നടത്തി കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല . ഈ വിഷയം സംബന്ധിച്ച നൽകിയ അന്വേഷണക്കുറിപ്പിന് നിലവിൽ അവലംബിക്കുന്ന രീതിയനുസരിച്ച് കൂടുതൽ സുതാര്യത ഉറപ്പു വരുത്താമെന്നും സർക്കുലർ പ്രകാരമുള്ള രീതിയനുസരിച്ച് കർഷകർ സ്വന്തം കയ്യിൽ നിന്ന് പൂർണ്ണമായും തുക ചെലവഴിച്ചാൽ മാത്രമേ വളം വാങ്ങാൻ സാധിക്കു എന്നും ഇത് കൃഷിയുടെ വിളവിനെ പ്രതികൂലമായി ബാധിക്കുമെന്നും ഇതു മൂലമാണ് സൊസൈറ്റിയിൽ നിന്നും കൃഷി ഭവൻ നൽകുന്ന പെർമിറ്റ് മുഖാന്തരം വളം വാങ്ങുന്ന രീതി തുടരുന്നതെന്നും അറിയിച്ചു. ഇപ്രകാരം സബ്സിഡി നൽകുന്നതിന് സർക്കാർ അനുമതിയോ , കോർഡിനേഷൻ കമ്മറ്റി തീരുമാനമോ ഇല്ലാത്ത സാഹചര്യത്തിൽ സർക്കാർ ഉത്തരവുകൾ പാലിച്ച് നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-38 ഹരിത സഹായ സ്ഥാപനത്തിന്റെ സേവനങ്ങൾ മോണിറ്ററിങ് നടത്തുന്നില്ല.

അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്റ്റ് നമ്പർ S0139/21 (ഹരിത സഹായ സ്ഥാപനം തുക നൽകൽ ) പ്രകാരം വെൽഫെയർ സർവീസസ് , എറണാകുളം എന്ന ഹരിത സഹായ സ്ഥാപനത്തിന് 25000/-രൂപാ നൽകിയിട്ടുണ്ട് . സ്ഥാപനവുമായി ഏർപ്പെട്ട 28.11.2019 ലെ കരാർ പ്രകാരം ഹരിത കർമ്മ സേനയ്ക്ക് ആവശ്യമായ പരിശീലനം , ജലാശയങ്ങൾ സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കൽ , മലിനീകരണം തടയുന്നതിനുള്ള കർമ്മ പരിപാടി തയ്യാറാക്കൽ , വിദഗ്ധർ , ടെക്നീഷ്യൻ എന്നിവരുടെ സേവനം എല്ലാ മാസവും ലഭ്യമാക്കൽ, പ്രതിമാസ പ്രവർത്തന റിപ്പോർട്ട് നൽകൽ തുടങ്ങിയ സേവനങ്ങൾ സ്ഥാപനം ഗ്രാമ പഞ്ചായത്തിനും ഹരിതകർമ്മസേനയ്ക്കും നൽകേണ്ടതായിട്ടുണ്ട്. എന്നാൽ ടി സേവനങ്ങൾ സ്ഥാപനം നൽകിയത് സംബന്ധിച്ച വിശദാംശങ്ങൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. വി. ഇ .ഓ തയ്യാറാക്കിയ ഒരു റിപ്പോർട്ട് മാത്രമാണ് ലഭ്യമാക്കിയത്. 01.03.2019 ലെ സ.ഉ.(സാധാ)നം. 471/2019 /തസ്വഭവ ഉത്തരവ് പ്രകാരം നിയമിക്കപ്പെട്ട ഹരിത സഹായ സ്ഥാപനത്തിന് ഗ്രാമ പഞ്ചായത്ത് പ്രതിമാസം 25000 /- രൂപാ വീതം പ്രതിഫലം നൽകേണ്ടതായിട്ടുണ്ട്. നിലവിൽ ഒരു മാസത്തെ പ്രതിഫലം മാത്രമാണ് നൽകിയിട്ടുള്ളത്. തുടർന്നുള്ള കാലയളവിലെ പ്രതിഫലം നൽകുമ്പോൾ കരാർ പ്രകാരമുള്ള സേവനങ്ങൾ സ്ഥാപനം ലഭ്യമാക്കി എന്ന് ഉറപ്പ് വരുത്തിയതിനുശേഷം, ആയതിന്റെ റിപ്പോർട്ട് തയ്യാറാക്കി, ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രം നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2019-20 | 16.08.2021- 17.08.2021 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ചതുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|
| വൈക്കം ബ്ലോക്ക് പഞ്ചായത്ത് | 400000 | ലൈഫ് ഭവന പദ്ധതി ജനറൽ | 400000 | 0 |
| | 100000 | നെൽകൃഷി വികസനം | 100000 | 0 |
| | 50000 | അനുപൂരക പോഷകാഹാരം | 50000 | 0 |
| | 149400 | ശാരീരിക മാനസിക വൈകല്യമുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 149400 | 0 |
| | 100000 | നെൽകൃഷി വികസനം | 100000 | 0 |
| | 100000 | പച്ചക്കുളം നവീകരണം | 100000 | 0 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 208125 | ശാരീരിക മാനസിക വൈകല്യമുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 208125 | 0 |

### 4-3 ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കിനത്തിൽ നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര്<br>പ്രോജക്റ്റ് നം. | മുൻകൂർ നൽകിയ തുക/ചെക്ക് നം | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 218/21, പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 14924 248633/3.3.21 | 0 | 14924 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-5 വായ്പ /വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി ഒ(എം.എസ്) 68/2018,18.05.2018, ജി ഒ(എം.എസ്) 100/2018, 30.07.2018 | 12240000 | 11181176 | 1317176 | - | 9864000 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങളില്ല.

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് നം. | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|
| 2002-03 | ഭാഗം 2 ഖണ്ഡിക 2-2 | 2370 | അമ്പിളി പ്രസന്നകുമാർ, (മുൻ പ്രസിഡന്റ്), ചെമ്പകശേരിൽ, കെ.എസ്.മംഗലം | 120060101305/06.11.20 |
| 2003-04 | ഭാഗം 2 ഖണ്ഡിക 2-1 | 4016 | അമ്പിളി പ്രസന്നകുമാർ, (മുൻ പ്രസിഡന്റ്), ചെമ്പകശേരിൽ, കെ.എസ്.മംഗലം | 120060101305/06.11.20 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 09-10 | പ്രവർത്തനാവലോകനം | 2011-12 | - | കാർഷികപദ്ധതിയും കൃഷിഭവനം, ശിശുക്ഷേമം | - |

## 4-9 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

ചാർജ് സർചാർജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 66196910 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 61653681 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |

| | | |
|---|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2801034 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 794774 | ശ്രീമതി. അന്ന കെ ജോസഫ്, അസി.എഞ്ചിനീയർ |
| 1-22(2) | 1138933 | ശ്രീമതി. അന്ന കെ ജോസഫ്, അസി.എഞ്ചിനീയർ |
| 1-26 | 375000 | ശ്രീമതി.ജിഷ വി.ഇ.ഒ |
| 1-35(2) | 242327 | ഡോ.ലിറ്റി തോമസ്, മെഡിക്കൽ ഓഫീസർ CHC |
| 1-35(3) | 100000 | ഡോ.ലിറ്റി തോമസ്, മെഡിക്കൽ ഓഫീസർ CHC |
| 1-36 | 150000 | ഡോ.നമിത കെ ആർ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| ആകെ | 2801034 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1999-00, 2000-01, 2001-02 | കെ.എസ്.എ.കെ.റ്റി.എം പി6(അദാ18)42(1)/18/ 16.02.18 |
| 2002-03 ചെലവ് | കെ.എസ്.എ.കെ.റ്റി.എം പി6(അദാ18)42(3)/18/ 09.01.18 |
| 2003-04ചെലവ് | കെ.എസ്.എ.കെ.റ്റി.എം പി6(അദാ18)42(4)/18/ 08.01.18 |
| 2004-05 | കെ.എസ്.എ.കെ.റ്റി.എം പി6(അദാ18)42(5)/18/ 08.01.18 |
| 2005-06 | എൽ.എഫ്.കെ.പി6/1109/11 22.6.12 |
| 2006-07 | എൽ.എഫ്.കെ.പി6/1467/13 7.12.13 |
| 2007-08 | കെ.എസ്.എ.കെ.റ്റി.എം പി6(അദാ18)42(6)/18/ 09.01.18 |
| 2008-09 | കെ.എസ്.എ.കെ.റ്റി.എം പി6(അദാ18)42(7)/18 09.01.18 |
| 2009-10 | കെ.എസ്.എ.കെ.റ്റി.എം.പി6/1264(1)/16/15.03.17 |
| 2010-11 | കെ.എസ്.എ.കെ.റ്റി.എം.പി6/1663(1)/16/13.03.17 |

| | |
|---|---|
| 2011-12 | കെ.എസ്.എ.കെ.റ്റി.എം.പി6/1663(2)/16/25.04.17 |
| 2012-13 | എൽ.എഫ്.കെ.പി.6/988/14 /7.7.15 |
| 2013-14, 2014-15 | കെ.എസ്.എ കെടിഎം പി6 /294/17 05.04.17 |
| 2015-16 | കെ.എസ്.എ കെടിഎം പി6/ 1788/16 16.08.17 |
| 2016-17 | കെ.എസ്.എ കെടിഎം പി6/ 1402/17 29.11.17 |
| 2017-18 | കെ.എസ്.എ കെടിഎം പി6/ 1964/18 29.10.18/14.11.18 |
| 2018-19 | നം.കെ.എസ്.എ-കെ.ടി.എം.പി.6/1869/2019 /10.01.2020 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്